بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11    ലക്കം 32

# ബദർ

വാരിക ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ : എച്ച്.ശംസുദ്ദീൻ

ആക്ടിങ് എഡിറ്റർ: അംനാസ് പി.കെ

2026 ആഗസ്റ്റ് 6 • ഹി.ശം 1405 സ സുഹൂർ 6 • ഹി. ഖ. 1448 സഫർ 22



### വിശുദ്ധ ഖുർആനിൽ നിന്ന്:

## ഭയഭക്തി അവലംബിക്കുക

یٰۤاَیُّہَا الَّذِیۡنَ اٰمَنُوا اتَّقُوا اللّٰہَ وَلۡتَنۡظُرۡ نَفۡسٌ مَّا قَدَّمَتۡ لِغَدٍ ۚ وَاتَّقُوا اللّٰہَ ؕ اِنَّ اللّٰہَ خَبِیۡرٌۢ بِمَا تَعۡمَلُوۡنَ ۔ وَلَا
تَکُوۡنُوۡا کَالَّذِیۡنَ نَسُوا اللّٰہَ فَاَنۡسٰہُمۡ اَنۡفُسَہُمۡ ؕ اُولٰٓئِکَ ہُمُ الۡفٰسِقُوۡنَ ○ (سورۃالحشر:20-19)

അർഥം: വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെതൊട്ട് സൂക്ഷിക്കുക.നാളേക്കുവേണ്ടി താൻ ഒരുക്കിവച്ചിട്ടുള്ളത് എന്തെല്ലാമാണെന്ന് ഓരോ ആത്മാവും ചിന്തിച്ചു നോക്കട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാകുന്നു.

ഒരുകൂട്ടർ അല്ലാഹുവിനെ വിസ്മരിച്ചു. അതിനാൽ അവൻ (അല്ലാഹു) അവർക്ക് തങ്ങളെ തന്നെ വിസ്മരിപ്പിച്ചു കളഞ്ഞു.(സത്യവിശ്വാസികളേ,) നിങ്ങൾ അവരെപ്പോലെയാകരുത്. അവർതന്നെയാണ് ആജ്ഞാലംഘകർ.



ഹദീസ്:

## മറ്റുള്ളവരെ നിന്ദ്യാദൃഷ്ട്യാ നോക്കുന്നത് ദോഷം ചെയ്യും

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: لَا تَحَاسَدُوا، وَلَا تَنَاجَشُوا، وَلَا تَبَاغَضُوا، وَلَا تَدَابَرُوا، وَلَا يَبِعْ بَعْضُكُمْ عَلَى بَيْعِ بَعْضٍ، وَكُونُوا عِبَادَ اللهِ إِخْوَانًا الْمُسْلِمُ أَخُو الْمُسْلِمِ لَا يَظْلِمُهُ، وَلَا يَخْذُلُهُ، وَلَا يَحْقِرُهُ التَّقْوَى هَاهُنَا، وَيُشِيرُ إِلَى صَدْرِهِ ثَلَاثَ مَرَّاتٍ، بِحَسْبِ امْرِئٍ مِنَ الشَّرِّ أَنْ يَحْقِرَ أَخَاهُ الْمُسْلِمَ كُلُّ الْمُسْلِمِ عَلَى الْمُسْلِمِ، حَرَامٌ دَمُهُ، وَمَالُهُ، وَعِرْضُهُ ۔

ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു: നബി തിരുമേനി(സ) പറയുന്നു: തമ്മിൽ അസൂയപ്പെടരുത്. തമ്മിൽ തർക്കിക്കരുത്. തമ്മിൽ വിദ്വേഷം വച്ചുപുലർത്തരുത്. പരസ്പരം ശത്രുത വച്ചുപുലർത്തരുത്. നിങ്ങളിൽ ഒരാളും മറ്റൊരാളുടെ കച്ചവടത്തിന്മേൽ കച്ചവടം ചെയ്യരുത്. അല്ലാഹുവിന്റെ ദാസന്മാരേ! പരസ്പരം സഹോദരന്മാരായിത്തീരുക. മുസ്ലിം മുസ്ലിമിന്റെ സഹോദരനാണ്. അവൻ അതിക്രമം കാണിക്കുന്നില്ല. അവനെ നിന്ദിക്കുന്നില്ല. അവനെ തുച്ഛമായി കാണുന്നില്ല. പിന്നീട് നബി തിരുമേനി(സ) മൂന്ന് തവണ തന്റെ ഹൃദയത്തിലേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു: സൂക്ഷ്മത ഇവിടെയുണ്ട്, സൂക്ഷ്മത ഇവിടെയുണ്ട്, സൂക്ഷ്മത ഇവിടെയുണ്ട്. ഒരു മനുഷ്യന്റെ തിന്മയ്ക്ക് അവൻ തന്റെ മുസ്ലിം സഹോദരനെ തുച്ഛമായി കാണുക എന്നത് മാത്രം മതി. ഓരോ മുസ്ലിമിന്റെയും രക്തം, ധനം, അഭിമാനം എന്നിവ മറ്റൊരു മുസ്ലിമിന് നിഷിദ്ധമാണ്.

(صحیح مسلم کتاب البر والصلۃ والآداب باب تحریم ظلم المسلم وخذلہ.... حدیث: ٦٥٤١)

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:



## മനുഷ്യൻ ലൗകിക മോഹങ്ങളെയും അനുഭൂതികളെയും തന്നെയാണ് സ്വർഗമായി കരുതുന്നത്. വാസ്തവത്തിൽ അത് നരകമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു:


യഥാർഥ ജീവിതം പ്രാപിക്കാൻ ഇസ്ലാം നമ്മോട് കയ്പേറിയ ഒരു മരണം ആവശ്യപ്പെടുന്നുണ്ട്. എന്നാൽ അത് സ്വീകരിക്കുന്നവൻ തന്നെയാണ് ഒടുവിൽ ജീവിക്കുന്നത്. മനുഷ്യൻ ലൗകിക മോഹങ്ങളെയും അനുഭൂതികളെയും തന്നെയാണ് സ്വർഗമായി കരുതുന്നത്. വാസ്തവത്തിൽ അത് നരകമാണെന്ന് ഹദീസിൽ വന്നിരിക്കുന്നു. ഭാഗ്യവാനായ മനുഷ്യൻ ദൈവമാർഗത്തിലെ ബുദ്ധിമുട്ടുകൾ സ്വീകരിക്കുന്നു. അതുതന്നെയാണ് സ്വർഗം. ഈ ലോകം നശ്വരമാണെന്നും എല്ലാവരും ഒരുനാൾ മരിക്കുന്നതിനുവേണ്ടി ജനിച്ചവരാണെന്നതിലും ഒരു സംശയവുമില്ല. സുഹൃത്തുക്കളും പരിചയക്കാരും ബന്ധുക്കളുമെല്ലാം വേർപിരിയുന്ന ഒരു സമയം ഒടുവിൽ വന്നെത്തുന്നു. ആ സമയത്ത് എത്രത്തോളം അനുവദനീയമല്ലാത്ത സന്തോഷങ്ങളെയും ആസ്വാദനങ്ങളെയും അവൻ സുഖസൗകര്യമായി കരുതുന്നുവോ, അവ കയ്പുകളുടെ രൂപത്തിൽ പ്രകടമാകുന്നു. യഥാർത്ഥ സൗഖ്യവും ആശ്വാസവും തഖ്‌വയില്ലാതെ ലഭിക്കുകയില്ല. തഖ്‌വയിൽ നിലകൊള്ളുക എന്നത് വിഷം കുടിക്കുന്നത് പോലെയാണ്. സൂക്ഷ്മത പാലിക്കുന്നവനുവേണ്ടി അല്ലാഹു സർവവിധ സുഖലോലുപതയുടെയും മാർഗങ്ങൾ ഒരുക്കിക്കൊടുക്കുന്നു.

مَنۡ یَّتَّقِ اللّٰہَ یَجۡعَلۡ لَّہٗ مَخۡرَجًا وَّیَرۡزُقۡہُ مِنۡ حَیۡثُ لَا یَحۡتَسِبُ ۔

(അത്ത്വലാഖ് 3-4). അതിനാൽ സൗഖ്യത്തിന്റെ അടിസ്ഥാനം സൂക്ഷ്മതയാണ്. എന്നാൽ സൂക്ഷ്മത സ്വായത്തമാക്കുന്നതിന് നാം നിബന്ധനകൾ വച്ചുകൊണ്ട്

ശേഷം പേജ് 9 ൽ

**തഫ്സീർ:** ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)



## നിങ്ങൾ നിങ്ങളുടെ പരിപാലകനെ ആത്മാർത്ഥതയോടും ഉറച്ച വിശ്വാസത്തോടും കൂടി ആരാധിക്കുകയാണെങ്കിൽ, പരസ്പരമുള്ള അതിക്രമങ്ങളിൽ നിന്നും നിങ്ങൾ രക്ഷപ്പെടുകയും ലോകത്ത് സമാധാനം സ്ഥാപിക്കപ്പെടുകയും ചെയ്യും

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) സൂറ: ബഖറയുടെ 22-ാം ആയത്തിന്റെ വ്യാഖ്യാനം വിശദീകരിച്ചുകൊണ്ട് പറയുന്നു:

തത്തഖൂൻ എന്നതിൽ അല്ലാഹുവും ദാസനും തമ്മിലുള്ള ബന്ധത്തെ വഷളാക്കുന്ന കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കുക എന്ന അർഥം വരുന്നതോടൊപ്പം, ദാസന്മാരുടെ പരസ്പര ബന്ധങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കണമെന്ന സൂചനയും കാണാം. അല്ലാഹുവിനെ ആരാധിക്കുന്നത് അത്തരം കാര്യങ്ങളിൽ തെറ്റുകൾ വരുത്തുന്നതിൽ നിന്നും മനുഷ്യനെ രക്ഷിക്കുന്നു. അല്ലാഹുവിനെ തന്റെ പരിപാലകനായി മനസ്സിലാക്കാൻ തുടങ്ങുന്ന വ്യക്തി അവന്റെ ദാസന്മാരുമായും നല്ല ബന്ധം സ്ഥാപിക്കുമെന്നത് തീർച്ചയാണ്. മാത്രമല്ല, നിർബന്ധമായും അവൻ ദൈവദാസന്മാരോട് അതിക്രമം കാണിക്കുകയുമില്ല. കാരണം, ഏതൊരു വ്യക്തിയാണോ താൻ അല്ലാഹുവിന്റെ ദാസനാണെന്ന് സ്വയം മനസ്സിലാക്കുന്നത്, അവന്റെ ദൃഷ്ടി തന്റെ എല്ലാ ആവശ്യങ്ങൾക്കും അല്ലാഹുവിലേക്ക് തന്നെ പതിയും; വിശേഷിച്ചും അവൻ അല്ലാഹുവിന്റെ പരിപാലകത്വത്തിൽ വിശ്വസിക്കുന്നവനാണെങ്കിൽ. ഏതൊരു വ്യക്തിയാണോ അല്ലാഹുവിനെ തന്റെ എല്ലാ ആവശ്യങ്ങളുടെയും സംരക്ഷകനായി കരുതുന്നത്, അവന് ദൈവദാസന്മാരുടെ ധനത്തിന്മേൽ കണ്ണുവയ്ക്കാൻ സാധിക്കുകയില്ല. തന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അവരുടെ ധനത്തിൽ വഞ്ചന കാണിക്കാനും അവർക്ക് നേരെ അതിക്രമം കാണിക്കാനും അവന് സാധിക്കുകയില്ല. അതിനാൽ തത്തഖൂൻ എന്ന വാക്കിന്റെ ഒരു അർത്ഥം ഇതാണ്: നിങ്ങൾ നിങ്ങളുടെ പരിപാലകനെ ആത്മാർത്ഥതയോടും ഉറച്ച വിശ്വാസത്തോടും കൂടി ആരാധിക്കുകയാണെങ്കിൽ, പരസ്പരമുള്ള അതിക്രമങ്ങളിൽ നിന്നും രക്ഷപ്പെടുകയും ലോകത്ത് സമാധാനം സ്ഥാപിക്കപ്പെടുകയും ചെയ്യും. സഹാബാക്കൾ അവരുടെ പരിപാലകന്റെ ദാസന്മാരായിത്തീർന്നിരുന്നു. നോക്കൂ! അവരുടെ ഭരണകാലത്ത് ലോകത്തിന് എത്രത്തോളം സമാധാനമാണ് ലഭിച്ചത്! ഒടുവിൽ ശത്രുക്കൾ പോലും അവരുടെ സത്പെരുമാറ്റത്തെ അംഗീകരിക്കുന്നവരായിത്തീർന്നു. ഇന്നുവരെ അബൂബക്കർ (റ), ഉമർ (റ) എന്നിവരുടെ ഭരണത്തിന്റെ ഓർമ്മകൾ ജനങ്ങളുടെ ഹൃദയങ്ങളിൽ പച്ചപിടിച്ചുനിൽക്കുന്നു. ഹദ്റത്ത് ഉസ്മാൻ (റ), ഹദ്റത്ത് അലി (റ) എന്നിവരുടെ ഭരണവും അതുപോലെയുള്ളതായിരുന്നു. എങ്കിലും അവരെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുള്ളതിനാൽ ഞാൻ അവരെക്കുറിച്ച് പരാമർശിച്ചില്ലെന്നു മാത്രം

*(തഫ്സീർ കബീർ വാല്യം ഒന്ന്, പേജ് 302 ഓൺലൈൻ പതിപ്പ്)*

### അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَآ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ദൈവഭക്തി സ്വായത്തമാക്കുകയാണ് ജീവിതത്തിന്റെ പരമമായ ലക്ഷ്യം.

**(ഹുസൂർ അൻവർ അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് ലണ്ടൻ ജൽസ സാലാന 2019 ൽ നിർവഹിച്ച ഉദ്ഘാടന പ്രഭാഷണത്തിന്റെ സംക്ഷിപ്തം)**

രാവും പകലും ഒരുമിച്ചുകൂട്ടാൻ കഴിയാത്തതുപോലെ ഈമാനും പാപവും ഒരുമിച്ചുകൂട്ടാൻ സാധിക്കില്ല

സയ്യിദ്നാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു) 2019 ആഗസ്റ്റ് 2 ന് വെള്ളിയാഴ്ച്ച ജൽസ സാലാന ജമാഅത്ത് അഹ്മദിയ്യ യു.കെയുടെ ഉദ്ഘാടന സെഷനിൽ വിശ്വാസവർദ്ധകമായ പ്രഭാഷണം നിർവഹിച്ചു.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) അഹ്മദിയ്യാ പതാക ഉയർത്തിയതിനുശേഷം ദുആക്ക് നേതൃത്വം വഹിച്ചു. കൂടാതെ ജൽസാഗാഹിൽ എത്തുകയും അധ്യക്ഷ സ്ഥാനം അലങ്കരിക്കുകയും ചെയ്തു. അതിനുശേഷം കാര്യപരിപാടികൾക്ക് ഔദ്യോഗികമായി ആരംഭം കുറിച്ചു.

ആദ്യമായി റാഷിദ് ഖത്താബ് സാഹിബ് (കബാബീർ) വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. അദ്ദേഹം സൂറ: ആലുഇംറാൻ 191 മുതൽ 196 വരെയുള്ള സൂക്തങ്ങൾ പാരായണം ചെയ്തു. അതിനുശേഷം ഈ ആയത്തുകളുടെ ഉർദു തർജമ മൗലാന നസീർ അഹ്മദ് ഖമർ സാഹിബ് (അഡീഷണൽ വക്കീലുൽ ഇശാഅത്ത് ലണ്ടൻ) വായിച്ചുകേൾപ്പിച്ചു.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ)ന്റെ പേർഷ്യൻ കവിതകളിൽ നിന്നും ചില ശ്ലോകങ്ങൾ സയ്യിദ് ആശിഖ് ഹുസൈൻ സാഹിബ്, അതുപോലെ ഹുസൂർ(അ)ന്റെ തന്നെ ഉർദു പദ്യത്തിൽ നിന്നും ചില ശ്ലോകങ്ങൾ മുസ്സവർ അഹ്മദ് സാഹിബ് (ആസ്ട്രിയ) ശ്രുതിമാധുര്യത്തോടെ ചൊല്ലുകയുണ്ടായി.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) മിമ്പറിലേക്ക് വന്ന് ജൽസയിൽ ഹാജരായവർക്കും എം.ടി.എ. മുഖേന ലോകമെമ്പാടുമുള്ള ശ്രോതാക്കൾക്കും അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറകാത്തുഹു പറഞ്ഞു.

തശഹ്ഹുദ്, തഅവ്വുദ്, സൂറ: ഫാത്തിഹ എന്നിവയുടെ പാരായണത്തിനുശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) സൂറത്ത് ആലു ഇംറാൻ ആയത്ത് 194 തർജമ സഹിതം പാരായണം ചെയ്തു.

തുടർന്ന് പറഞ്ഞു: ഇന്ന് നമ്മുടെ ഇവിടെ ഒത്തുകൂടിയിരിക്കുന്നത് ഒരു കാര്യം സ്പഷ്ടമായി പ്രഖ്യാപിക്കാൻ വേണ്ടിയാണ്. അതായത്, അല്ലാഹു നമുക്ക് തന്റെ പ്രത്യേക അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ അംഗീകരിക്കാനുള്ള തൗഫീഖ് നല്കി. അദ്ദേഹം അല്ലാഹു വിന്റെയും നബി തിരുമേനി(സ)യുടെയും കല്പനകൾ അനുസരിക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധ തിരിച്ചു. കൂടാതെ അല്ലാഹു വിന്റെയും നബി തിരുമേനി(സ)യുടെയും കല്പനകൾ അനുസരിക്കുന്നതിലൂടെ മാത്രമാണ് നമ്മുടെ ദുനിയാവും ആഖിറവും(ഇഹപരങ്ങൾ) നന്നാകാൻ കഴിയുക എന്ന് വ്യക്തമാക്കി തന്നു.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) സൂറ: ആലു ഇംറാൻ ആയത്ത് 194-ന്റെ പശ്ചാത്തലത്തിൽ പറഞ്ഞു: നമ്മുടെ പ്രവർത്തനങ്ങൾ ഈ അധ്യാപനാങ്ങൾക്ക് അനുസൃതമല്ലെങ്കിൽ നമ്മൾ ഈമാൻ കൈക്കൊണ്ടുവെന്നുള്ള അവകാശവാദം തികച്ചും പൊള്ളയായിരിക്കും.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) പറഞ്ഞു: നമ്മൾ യഥാർഥ ഈമാൻ കൈവരിക്കുന്നതിന് അല്ലാഹുവിന്റെ കൽപ്പനകൾ അന്വേഷിക്കേണ്ട ആവശ്യമുണ്ട്. യഥാർത്ഥ മുഅ്മിന് അനുപേക്ഷണീയമായ അവസ്ഥകൾ നമ്മിൽ ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ടോ? ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മുടെ മുന്നിൽ വച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്? ഇക്കാര്യങ്ങളെ കുറിച്ച് നമ്മൾ ആത്മ പരിശോധന നടത്തേണ്ടതുണ്ട്.

അതിനുശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഉദ്ധരണികളുടെ വെളിച്ചത്തിൽ ഈമാന്റെ യാഥാർഥ്യം വിശദീകരിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഉദ്ധരണികളുടെ പശ്ചാത്തലത്തിൽ ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) ഈമാന്റെ യാഥാർഥ്യത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞു: ദൈവാസ്തിത്വത്തിൽ യഥാർഥ ഈമാൻ ഉണ്ടെങ്കിൽ മനുഷ്യന് പാപത്തിലേക്ക് പോകാൻ സാധിക്കുകയേ ഇല്ല. അതുപോലെ അദ്ദേഹം പറഞ്ഞു: മനുഷ്യന്റെ പരമമായ ജീവിതോദ്ദേശ്യം തഖ്വ പ്രാപിക്കലാകുന്നു. അത് കൂടാതെ മനുഷ്യന് പാപങ്ങളിൽ നിന്ന് രക്ഷനേടാൻ സാധിക്കുക എന്നത് യാതൊരുവിധത്തിലും സാധ്യമല്ല.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) പാപത്തെക്കുറിച്ച് പറഞ്ഞു: മനുഷ്യൻ പാപത്തിലേക്ക് പോകുന്നുത് അവൻ തനിയെയാണെന്ന് കരുതുമ്പോഴാണ്. എന്നാൽ മനുഷ്യൻ തനിയെയാണെന്ന വിചാരം നിരീശ്വരവാദത്തിന്റെ വിചാരമാണ്.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) തഖ്വയുടെ പ്രാധാന്യത്തെ സംബന്ധിച്ച് വിശദമായ വെളിച്ചം വീശിക്കൊണ്ട് പറഞ്ഞു: ഇത് ഖുർആന്റെ തുടക്കത്തിൽ തന്നെ പരാമർശിച്ചിട്ടുണ്ട്. രണ്ടാമത്തെ സൂറത്തിന്റെ തുടക്കത്തിൽ തന്നെ 'ഹുദൻ ലിൽമുത്തഖീൻ' എന്ന വചനമുണ്ട്. ഹുസൂർ പറഞ്ഞു, മനുഷ്യനിൽ തഖ്വ ഉണ്ടാകുമ്പോൾ, അവൻ പാപത്തിന്റെ എല്ലാ മാർഗങ്ങളും ഇല്ലാതാക്കുന്നു.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) തഖ്വയുടെ പ്രാധാന്യത്തെ വിവരിച്ചുകൊണ്ട് പറഞ്ഞു: ഇതിനേക്കാൾ വലിയ യാതൊരു വിജയവുമില്ല. ഈ കാലഘട്ടത്തിൽ തഖ്വയുടെ ആവശ്യകതയുണ്ട്. അല്ലാഹുവിന്റെ ദൂതന്മാർ ലോകത്തിലേക്ക് വരുന്നത് തന്നെ തഖ്വ സ്ഥാപിക്കുന്നതിന് വേണ്ടിയാണ്. കൂടാതെ ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതിലേക്ക് ശ്രദ്ധ തിരിച്ചിട്ടുമുണ്ട്.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) മുത്തഖിയെ സംബന്ധിച്ച് വിവരിച്ചുകൊണ്ട് പറഞ്ഞു, മുത്തഖിക്ക് മാത്രമാണ് മോക്ഷം ലഭിക്കുന്നത്. കൂടാതെ അവന് പ്രതീക്ഷിക്കാത്ത ഇടത്തുനിന്നു പോലും റിസ്ഖ്(ജീവിത വിഭവങ്ങൾ) ലഭിക്കുന്നു. അതുപോലെ അല്ലാഹു മുത്തഖിയുടെ മിത്രം ആയിത്തീരുന്നു എന്ന് ഒരു ഹദീസിൽ വന്നിട്ടുണ്ട്.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) നമസ്കാരം നിലനിറുത്തുന്നതിനെ കുറിച്ച് പറഞ്ഞു: എല്ലാവർക്കും ദിവസവും അഞ്ചുനേര നമസ്കാരങ്ങൾ നിർബന്ധമാണ്. കൂടാതെ അതിലൂടെ അല്ലാഹുവിനോടുള്ള സ്നേഹവും മഹത്വവും വർദ്ധിക്കുന്നു.

എല്ലാ ആവശ്യങ്ങളും അല്ലാഹുവിന്റെ സമക്ഷം സ്വയം സമർപ്പിക്കുക എന്നതാണ് യഥാർഥ ഈമാൻ എന്ന കാര്യത്തിലേക്ക് ഹുസൂർ അൻവർ (അയ്യദഹുല്ലാഹു)ശ്രദ്ധ തിരിച്ചു. കൂടാതെ ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിച്ചിട്ടുള്ള ഈമാന്റെ മനോഹരമായ ഒരു ഉദാഹരണത്തെക്കുറിച്ച് പരാമർശിച്ചു. അതായത് ഏതുപോലെ രാവും പകലും ഒരുമിച്ചുകൂട്ടാൻ കഴിയില്ലയോ അതുപോലെ ഈമാനും പാപവും ഒരുമിച്ചുകൂട്ടാൻ കഴിയില്ല.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വചനങ്ങളുടെ വെളിച്ചത്തിൽ ബൈഅത്തിന്റെ യാഥാർത്ഥ്യം വിശദീകരിച്ചു. വെറും ബൈഅത്ത് ചെയ്യുക എന്നതിൽ തൃപ്തിയടയരുത്. യഥാർഥ ഉദ്ദേശ്യം പ്രാപ്തമാകാത്തിടത്തോളം മോക്ഷം ലഭിക്കുകയില്ല. ഒരാൾ സ്വയം പ്രവർത്തിക്കുന്നില്ലെങ്കിൽ ബൈഅത്തുകൊണ്ട് പിന്നെ യാതൊരു പ്രയോജനവുമില്ല.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) സത്കർമങ്ങളെയും ഇസ്തിഗ്ഫാറിനെയും സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജ്ഞാനനിർഭരമായ ഉദ്ധരണികൾ വായിച്ചുകേൾപ്പിച്ചു.

ജമാഅത്ത് അംഗങ്ങൾക്ക് വിശുദ്ധ ഖുർആന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) പറഞ്ഞു: വിശുദ്ധ ഖുർആനെ ഒരു കഥ പോലെ വായിക്കരുത്. മറിച്ച് ഖുർആൻ ഒരു പ്രകാശമാണ്. ഒരു ജീവസ്സുറ്റതും തിളക്കമുള്ളതുമായ ഗ്രന്ഥമാണ്.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രൗഢോജ്ജ്വലമായ വാക്കുകളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ മഹത്വത്തെക്കുറിച്ച് പരാമർശിച്ചു. കൂടാതെ ജമാഅത്തിൽ ഉൾപ്പെടുന്ന വ്യക്തികളുടെ ജീവിതങ്ങൾ സാധാരണ ഭൗതികരുടേത് പോലെ ആയിരിക്കരുത് എന്ന കാര്യത്തിലേക്ക് ശ്രദ്ധ തിരിച്ചു. ജമാഅത്തിൽ പ്രവേശിച്ചെന്ന് വാദിക്കുകയും എന്നാൽ പ്രവർത്തനം ആവശ്യമില്ല എന്ന് പറയുകയും ചെയ്യുന്നത് വ്യർഥമാണ്. അല്ലാഹു അത് ഇഷ്ടപ്പെടുന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തംഗങ്ങൾക്ക് നല്കിയ ഉപദേശങ്ങളിൽ നിന്നും ഏതാനും ചിലത് ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) ഉദ്ദരിക്കുകയുണ്ടായി.

ശേഷം പേജ് 9 ൽ

# ഖുത്വ്ബ ജുമുഅ

2026 ജൂൺ 19, 1405 ഇഹ്സാൻ 19
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

# നബി തിരുമേനി(സ)യുടെ ഉദാരതയുടെയും ദാനശീലത്തിന്റെയും അതുല്യ മാതൃക

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവയുടെ പാരായണത്തിന് ശേഷം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു) പ്രതിപാദിച്ചു:

**നബി തിരുമേനി(സ)യുടെ ഔദാര്യത്തെക്കുറിച്ചുള്ള ചില നിവേദനങ്ങളാണ് ഇന്നിവിടെ ഞാൻ അവതരിപ്പിക്കുന്നത്.**

ഒരു നിവേദനത്തിൽ വരുന്നു, ഹദ്റത്ത് അബൂ സഈദ് ഖുദ്രിയിൽ നിന്ന് നിവേദനം, അൻസാറുകളിൽ നിന്നുള്ള ചില ആളുകൾ നബി തിരുമേനി(സ)യോട് ചോദിച്ചു. അദ്ദേഹം അവർക്ക് നല്കി. വീണ്ടും അവർ അദ്ദേഹത്തോട് ചോദിച്ചു, അദ്ദേഹം അവർക്ക് നല്കി, വീണ്ടും അവർ അദ്ദേഹത്തോട് ചോദിച്ചു, അദ്ദേഹം അവർക്ക് നല്കി. അങ്ങനെ അദ്ദേഹത്തിന്റെ പക്കൽ ഒന്നും അവശേഷിച്ചില്ല. അദ്ദേഹം പറഞ്ഞു:

**എന്റെ പക്കൽ എന്ത് ധനമുണ്ടായാലും അത് ഞാൻ നിങ്ങളിൽ നിന്ന് ഒരിക്കലും മറച്ചുവയ്ക്കുകയില്ല, അതേസമയം ചോദിക്കുന്നതിൽ നിന്ന് ആര് വിട്ടുനിൽക്കുന്നുവോ അല്ലാഹു അവനെ സംരക്ഷിക്കുന്നതുമാണ്.**

അങ്ങനെ ചോദിക്കുന്നതിനെക്കുറിച്ച് ഉപദേശവും നല്കി.

**ആര് ഭൗതിക ധനത്തിൽ നിന്ന് നിരാശ്രയനാകാൻ ആഗ്രഹിക്കുന്നുവോ അല്ലാഹു അവനെ അതിന്റെ ആശ്രയമില്ലാത്തവനാക്കും, ആര് സ്വന്തം ആഗ്രഹങ്ങളെ അടിച്ചമർത്തി ക്ഷമിക്കുന്നുവോ അല്ലാഹു അവന് ക്ഷമ നല്കും, ക്ഷമയേക്കാൾ വിശാലവും ഉത്തമവുമായ ഒരു അനുഗ്രഹവും ആർക്കും നല്കപ്പെട്ടിട്ടില്ല.**

*(സഹീഹുൽ ബുഖാരി, കിതാബുസ്സകാത്ത്, ബാബുൽ ഇസ്തിഅ്ഫാഫി അനിൽ മസ്അല ഹദീസ് 1469, വാല്യം 3, പേജ് 110, നസാറത്ത് ഇശാഅത്ത്)*

ചില പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും ആവശ്യങ്ങളിലും ക്ഷമിക്കുക എന്നത് അത്യാവശ്യമാണ്. അല്ലാഹു അതിന് പ്രതിഫലം നല്കുന്നു.

ഹദ്റത്ത് ഇബ്നു ഉമർ വിവരിക്കുന്നു, നബി തിരുമേനി(സ)യോടൊപ്പം ഞങ്ങൾ ഒരു യാത്രയിലായിരുന്നു, ഞാൻ ഒരു അനുസരണയില്ലാത്ത യുവ ഒട്ടകപ്പുറത്ത് സഞ്ചരിക്കുകയായിരുന്നു, എന്റെ പിതാവ് ഹദ്റത്ത് ഉമറിന്റെ ഒട്ടകമായിരുന്നു അത്. അത് എന്നെ നിസ്സഹായനാക്കുകയും മറ്റുള്ളവരെ മറികടന്ന് പോവുകയും ചെയ്തു, ഹദ്റത്ത് ഉമർ അതിനെ വിരട്ടി. അതായത് ആ ഒട്ടകത്തോട് കർശനമായി പെരുമാറി. അതിനെ തടഞ്ഞു, അതിന് ശബ്ദമിട്ട് പിന്നിലാക്കി. അടിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്തിരിക്കാം. ഏതായാലും ഒട്ടകങ്ങളെ തെളിക്കുന്നതിനു രീതി അനുസരിച്ച് അദ്ദേഹം അതിനോട് പറഞ്ഞു. അതിൽ ആ ഒട്ടകം പിന്നിലായി. വീണ്ടും അത് മറ്റുള്ളവരുടെ ഒട്ടകങ്ങളെക്കാൾ മുന്നോട്ട് പോകുകയും, ഹദ്റത്ത് ഉമർ അതിനെ ശാസിക്കുകയും പിന്നിലാക്കുകയും ചെയ്തു. ബഹുമാനസൂചകമായി നബി തിരുമേനി(സ)യുടെ മുന്നിൽ ഒരു ഒട്ടകമോ യാത്രക്കാരനോ മുന്നോട്ട് പോകാതിരിക്കുന്നതിനായിരുന്നു അങ്ങനെ ചെയ്തിരുന്നത്. ഒരു ഒട്ടകവും നബി തിരുമേനി(സ)യുടെ ഒട്ടകത്തെക്കാൾ മുന്നോട്ട് പോകുന്നത് ഹദ്റത്ത് ഉമറിന് സഹിക്കാൻ കഴിഞ്ഞിരുന്നില്ല. അപ്പോൾ അത് കണ്ടിട്ട് നബി തിരുമേനി(സ) ഹദ്റത്ത് ഉമറിനോട് പറഞ്ഞു: ഈ ഒട്ടകം എനിക്ക് വിലയ്ക്ക് നല്കുക. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ഇത് താങ്കളുടേത് തന്നെയാണ്. നബി തിരുമേനി(സ) പറഞ്ഞു: ഇത് എനിക്ക് വില്ക്കുക, അങ്ങനെ അദ്ദേഹം നബി തിരുമേനി(സ)യ്ക്ക് അത് വിറ്റു. പിന്നീട് നബി തിരുമേനി(സ) പറയുന്നു: അബ്ദുല്ലാഹ് ബിൻ ഉമർ, ഈ ഒട്ടകം ഇപ്പോൾ നിന്റേതാണ്, ഇതുകൊണ്ട് നീ ആഗ്രഹിക്കുന്നത് ചെയ്യുക.

*(സഹീഹുൽ ബുഖാരി, കിതാബുൽ ബുയൂഅ്, ബാബു ഇദാ ഇശ്തറാ ശൈഅൻ, ഫവഹബ... ഹദീസ് നമ്പർ 2115, വാല്യം നമ്പർ 4, പേജ് നമ്പർ 86, നസാറത്ത് ഇശാഅത്ത്)*

സമ്മാനം നല്കുന്നതിനുള്ള ഒരു വിചിത്രമായ രീതിയായിരുന്നു അത്. അദ്ദേഹം അവർക്ക് തെളിയിച്ചുകൊടുത്തതും അവർക്ക് വ്യക്തമാക്കിക്കൊടുത്തതും ഇപ്രകാരമായിരുന്നു: അതായത് ഒട്ടകം ഒരു മൃഗമാണ്, അത് ഇപ്രകാരം മുന്നോട്ട് പോയെന്നു കരുതി ഒരു കുഴപ്പവുമില്ല. ഇപ്പോൾ ഈ ഒട്ടകം എന്റെ ഭാഗത്തുനിന്ന് സമ്മാനമായി നല്കപ്പെട്ടതാണ്. ഇത് യാത്രാമൃഗങ്ങളിൽ മുന്നോട്ട് പോയാലും, നബി തിരുമേനി(സ) സമ്മാനമായി നല്കിയ ഒട്ടകമാണ് മുന്നോട്ട് പോയത് എന്ന് മാത്രമാണ് പറയപ്പെടുക.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് വിവരിക്കുന്നു, നബി തിരുമേനി(സ)യോടൊപ്പം ഞാൻ ഒരു യുദ്ധത്തിലായിരുന്നു. എന്റെ ഒട്ടകത്തിന്റെ വേഗത മന്ദഗതി പ്രാപിക്കുകയും അത് ക്ഷീണിക്കുകയും ചെയ്തിരുന്നു. ക്ഷീണിച്ചപ്പോൾ ഞാൻ നബി തിരുമേനി(സ)യുടെ അടുത്തുപോയി, അപ്പോൾ നബി തിരുമേനി(സ) എന്റെ അടുത്ത് വന്ന് വിളിച്ചു: ജാബിർ. ഞാൻ പറഞ്ഞു: അരുളിയാലും. അദ്ദേഹം പറഞ്ഞു: എന്താണ് കാര്യം? ഞാൻ പറഞ്ഞു: ഒട്ടകത്തിന്റെ വേഗത മന്ദീഭവിച്ചു. അത് തളർന്നുപോയി. അതുകൊണ്ടാണ് ഞാൻ പിന്നിലായത്. അപ്പോൾ അദ്ദേഹം ഒട്ടകത്തിൽ നിന്ന് ഇറങ്ങി അതിനെ തന്റെ വടികൊണ്ട് വലിക്കാൻ തുടങ്ങി. എന്നിട്ട് അദ്ദേഹം പറഞ്ഞു: കയറുക, അങ്ങനെ ഞാൻ കയറി. അത് എത്ര വേഗത്തിലായി എന്ന് ഞാൻ കണ്ടു, നബി തിരുമേനി(സ)യെക്കാളും മുന്നോട്ട് പോകാൻ തുടങ്ങി, അതിനാൽ എനിക്ക് അതിനെ തടയേണ്ടി വന്നു. പിന്നീട് നബി തിരുമേനി(സ) എന്നോട് ചോദിച്ചു: താങ്കൾ വിവാഹം കഴിച്ചുവോ? ഞാൻ പറഞ്ഞു: അതെ. അതിനുശേഷം അദ്ദേഹം പറഞ്ഞു: നോക്കൂ, താങ്കൾ വീട്ടിൽ എത്താൻ പോകുകയാണ്, എത്തുമ്പോൾ ബുദ്ധിപൂർവ്വം ശ്രദ്ധയോടെ പ്രവർത്തിക്കുക. വീട്ടിൽ നല്ല പെരുമാറ്റം കാഴ്ച്ച വയ്ക്കണം.

തുടർന്ന് അദ്ദേഹം ചോദിച്ചു: താങ്കൾ ഈ ഒട്ടകത്തെ എനിക്ക് വില്ക്കുമോ? ഞാൻ പറഞ്ഞു: ശരി വിൽക്കാം. അങ്ങനെ അദ്ദേഹം എന്നിൽ നിന്ന് അത് ഒരു ഔഖിയ വെള്ളിക്ക് (40 ദിർഹമിന്) വാങ്ങി. നബി തിരുമേനി(സ) എനിക്ക് മുമ്പ് മദീനയിൽ എത്തി, ഞാൻ പിറ്റേന്ന് രാവിലെ എത്തി. ഞങ്ങൾ പള്ളിയിൽ വന്നപ്പോൾ ഞാൻ അദ്ദേഹത്തെ പള്ളിയുടെ വാതിൽക്കൽ കണ്ടു. അദ്ദേഹം പറയുന്നു: ഇപ്പോഴാണോ എത്തിയത്? ഞാൻ പറഞ്ഞു: അതെ. അദ്ദേഹം പറയുന്നു: നിന്റെ ഒട്ടകത്തെ വിടുക, പള്ളിയിൽ പോയി രണ്ട് റക്അത്ത് നമസ്കരിക്കുക, അങ്ങനെ ഞാൻ ഉള്ളിൽ പോയി നമസ്കരിച്ചു. ഹദ്റത്ത് ബിലാലിനോട് അദ്ദേഹം പറയുന്നു: ഇദ്ദേഹത്തിന് ഒരു ഔഖിയ വെള്ളി തൂക്കി നല്കുക. ഹദ്റത്ത് ബിലാൽ തൂക്കി എനിക്ക് നല്കി, തൂക്കത്തിൽ ത്രാസ് താഴ്ത്തി, അതായത് അതിനേക്കാൾ അല്പം കൂടുതൽ നല്കി. പിന്നീട് ഞാൻ തിരിഞ്ഞു നടന്നു, അദ്ദേഹം പറയുന്നു: ജാബിറിനെ എന്റെ അടുത്തേക്ക് വരാൻ വിളിക്കുക. ഞാൻ മനസ്സിൽ പറഞ്ഞു, ഇപ്പോൾ അദ്ദേഹം എന്റെ ഒട്ടകം എനിക്ക് തിരികെ നല്കും, അദ്ദേഹം വാങ്ങിയത് എനിക്ക് തിരികെ നല്കുന്നതിനേക്കാൾ അനിഷ്ടകരമായ മറ്റൊരു കാര്യവും എനിക്കില്ല. അദ്ദേഹം പറയുന്നു: ഒട്ടകം എടുത്തുകൊള്ളുക, അതിന്റെ വിലയും താങ്കളുടേതാണ്.

*(സഹീഹ് ബുഖാരി, കിതാബുൽ ബുയൂഅ്, ബാബു ശിറാഇദ്ദവാബ്... റിവാത്ത് 2097, വാല്യം 4, പേജ് 66-68, നസാറത്ത് ഇശാഅത്ത്)*

മറ്റൊരു നിവേദനത്തിൽ ഇങ്ങനെയുമുണ്ട്, ഹദ്റത്ത് ജാബിർ വിവരിക്കുന്നു, അതിനുശേഷം ഞാൻ ഒരു ജൂതനെ കണ്ടുമുട്ടി. ഞാൻ ഈ സംഭവങ്ങളെല്ലാം അവനോട് പറഞ്ഞപ്പോൾ അവൻ അങ്ങേയറ്റം അത്ഭുതപ്പെട്ടുകൊണ്ട് പറയാൻ തുടങ്ങി. അദ്ദേഹം വിലയും തിരികെ നല്കുകയും ഒട്ടകവും നിനക്ക് നല്കുകയും ചെയ്തോ? ഞാൻ പറഞ്ഞു: അതെ, അങ്ങനെ തന്നെയാണ്. അവർ പറയുന്നു:

**നബി തിരുമേനി(സ) നല്കിയ ഈ സമ്മാനത്തിൽ എത്രമാത്രം അനുഗ്രഹം ഉണ്ടായെന്നാൽ പ്രവാചക കാലഘട്ടത്തിലും ഹദ്റത്ത് അബൂബക്കറിന്റെ കാലഘട്ടത്തിലും ഹദ്റത്ത് ഉമറിന്റെ കാലഘട്ടം വരേക്കും ആ ഒട്ടകം ജീവിച്ചിരുന്നു.**

*(നജാഹുൽ ഖാരി ശർഹ് സഹീഹുൽ ബുഖാരി, വാള്യം 16, പേജ് 22, നജാഹുൽ ഖാരി ശർഹ് സഹീഹു ബുഖാരി, വാള്യം 16, പേജ് 34-35, മക്തബത്തു ദാറുൽ കുതുബിൽ ഇൽമിയ്യ ബൈറൂത്ത്)*

തിരുനബിയുടെ മാതൃകയും തർബിയ്യത്തും വിശുദ്ധ ശക്തിയുടെ സ്വാധീനവുമായിരുന്നു എല്ലാ സ്വഹാബികളുടെയും മേൽ ഉണ്ടായിരുന്നത്. ഹദ്റത്ത് ഖദീജയുടെ മേലും ഈ സ്വാധീനമുണ്ടായിരുന്നു, അതുകൊണ്ടാണ് ഒരു ബുദ്ധിമുട്ടും ഭയക്കാതെ അവർ തങ്ങളുടെ ധനം മുഴുവൻ അദ്ദേഹത്തെ ഏല്പിച്ചത്. ഇപ്രകാരം വിവരിക്കപ്പെടുന്നു, നബി തിരുമേനി(സ) ഹദ്റത്ത് ഖദീജയുടെ അടുത്ത് വന്നു, അദ്ദേഹം അല്പം ചിന്താകുലനായിരുന്നു. ഹദ്റത്ത് ഖദീജ അദ്ദേഹത്തോട് ചോദിച്ചു: എന്തുപറ്റി? അദ്ദേഹം പറയുന്നു: ക്ഷാമത്തിന്റെ കാലമാണ്, എനിക്ക് മഹതിയോട് ചോദിക്കാൻ നാണം തോന്നുന്നു, ഞാൻ ധനം ചിലവാക്കിയാൽ മഹതിയുടെ ധനം തീർന്നുപോകും, ചിലവാക്കാതിരുന്നാൽ ഞാൻ അല്ലാഹുവെ ഭയപ്പെടുന്നു. ഹദ്റത്ത് ഖദീജ ഖുറൈശികളെ വിളിച്ചു. അവരിൽ ഹദ്റത്ത് അബൂബക്കർ സിദ്ദീഖും ഉണ്ടായിരുന്നു. ഹദ്റത്ത് അബൂബക്കർ വിവരിക്കുന്നു, ഖദീജ ദിനാറുകൾ പുറത്തെടുത്തു. അവയുടെ ഒരു കൂമ്പാരം ഉണ്ടാക്കി. ധനത്തിന്റെ ആധിക്യം കാരണം എന്റെ മുന്നിൽ ആരാണ് ഇരിക്കുന്നതെന്ന് എനിക്ക് കാണാൻ കഴിഞ്ഞിരുന്നില്ല. പിന്നീട് ഹദ്റത്ത് ഖദീജ പറഞ്ഞു: നിങ്ങൾ സാക്ഷിയായിരിക്കുക, ഈ ധനമെല്ലാം നബി തിരുമേനി(സ) യുടേതാണ്. അദ്ദേഹത്തിന് വേണമെങ്കിൽ അത് ചിലവാക്കാം, അതല്ലെങ്കിൽ ഇഷ്ടാനുസരണം തന്റെ പക്കൽ സൂക്ഷിക്കാം. അദ്ദേഹത്തിന്റെ ചിന്ത അകറ്റാൻ അവർ നല്കി. വേണ്ടത്ര അദ്ദേഹം ചിലവാക്കിക്കൊള്ളട്ടെ എന്ന് കരുതി.

*(തഫ്സീർ കബീർ ഇമാം റാസി, വാള്യം 16, ജുസ്ഉ് 31-32, പേജ് 198, തഫ്സീർ സൂറത്തുള്ളുഹാ, ആയത്ത് 8, ദാറുൽ കുതുബിൽ ഇൽമിയ്യ ബൈറൂത്, 2004)*

ഹദ്റത്ത് ഉമർ ബിൻ ഖത്താബിൽ നിന്ന് നിവേദനം, ഒരാൾ നബി തിരുമേനി(സ)യുടെ സന്നിധിയിൽ ഹാജരായി അദ്ദേഹത്തോട് എന്തോ ചോദിച്ചു. നബി തിരുമേനി(സ) പറയുന്നു: എന്റെ പക്കൽ ഇപ്പോൾ ഒന്നുമില്ല. താങ്കൾ എന്റെ പേരിൽ ആവശ്യമുള്ള സാധനങ്ങൾ വാങ്ങുക. എന്റെ പക്കൽ എന്തെങ്കിലും വരുമ്പോൾ ഞാൻ അത് അടച്ചുതീർക്കാം. അതിൽ ഹദ്റത്ത് ഉമർ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, താങ്കൾ അവന് മുമ്പ് നല്കിയിട്ടുണ്ട്. താങ്കളുടെ കഴിവിലില്ലാത്തതിന് അല്ലാഹു താങ്കളെ ഉത്തരവാദിയാക്കിയിട്ടില്ല. നബി തിരുമേനി(സ) ഹദ്റത്ത് ഉമറിന്റെ വാക്ക് ഇഷ്ടപ്പെട്ടില്ല, അപ്പോൾ അൻസാറുകളിൽ നിന്നുള്ള ഒരാൾ പറഞ്ഞു:

**അല്ലാഹുവിന്റെ റസൂലേ, താങ്കൾ ചിലവാക്കുക. അർശിന്റെ നാഥനായ അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള ദാരിദ്ര്യത്തെ ഭയപ്പെടാതിരിക്കുക. അൻസാരിയുടെ ഈ വാക്കിൽ നബി തിരുമേനി(സ) പുഞ്ചിരിച്ചു. സന്തോഷം അദ്ദേഹത്തിന്റെ മുഖത്ത് പ്രകടമാകാൻ തുടങ്ങി. എന്നിട്ട് അദ്ദേഹം പറഞ്ഞു: ഇതാണ് എന്നോട് കല്പിക്കപ്പെട്ടിട്ടുള്ളത്.**

*(ശമായിലുന്നബി ?, പേജ് 148-149, ബാബു മാ ജാഅ ഫീ ഖൽഖി റസൂലുല്ലാഹി (സ), ഹദീസ് 340, നൂർ ഫൗണ്ടേഷൻ റബ്വ)*

ഹദ്റത്ത് അബൂ ഹുറൈറ പറയുമായിരുന്നു, അഹ്ലുസ്സുഫ്ഫ മുസ്ലീങ്ങളുടെ അതിഥികളായിരുന്നു, എവിടെയെങ്കിലും പോയി വിശ്രമിക്കാനായി വീടും കുടിയും ഉണ്ടായിരുന്നില്ല. ആരുടെയെങ്കിലും അടുത്തുപോയി താമസിക്കാൻ വേണ്ടപ്പെട്ടവരാരും ഉണ്ടായിരുന്നില്ല. തിരുനബിയുടെ പക്കൽ വല്ല സ്വദഖയും വരുമ്പോൾ അദ്ദേഹം അത് അവർക്ക് അയച്ചുകൊടുക്കുകയും അതിൽ നിന്ന് സ്വയം ഒന്നും എടുക്കാതിരിക്കുകയും ചെയ്യും. അതുപോലെത്തന്നെ അദ്ദേഹം സ്വദഖ എടുക്കാറില്ലായിരുന്നു, കാരണം അത് നിഷിദ്ധമായിരുന്നു, പാവപ്പെട്ടവർക്കുള്ളതായിരുന്നു ആ സ്വദഖ. അദ്ദേഹത്തിന്റെ പക്കൽ വല്ല സമ്മാനവും വരുമ്പോൾ അദ്ദേഹം അഹ്ലുസ്സുഫ്ഫയെ വിളിച്ചു അതിൽ നിന്നും നല്കുകയും അതിൽ നിന്ന് സ്വയം അല്പം എടുക്കുകയും ചെയ്യുമായിരുന്നു. സമ്മാനം വരുമ്പോൾ അതിൽ നിന്ന് അവർക്കും നല്കുമായിരുന്നു.

*(സഹീഹ് ബുഖാരി, കിതാബുർ റിഖാഖ്, ഹദീസ് നമ്പർ 6452, വാള്യം 15, പേജ് 222, നസാറത്ത് ഇശാഅത്ത്)*

**ഔദാര്യത്തോടൊപ്പം അനുകമ്പയുടെയും തർബിയ്യത്തിന്റെയും എത്ര ഉയർന്ന നിലവാരമായിരുന്നു അദ്ദേഹത്തിന്റേത്,** ഇതിനെക്കുറിച്ച് ഒരു നിവേദനത്തിൽ വരുന്നു, ഹദ്റത്ത് അബൂ ഹുറൈറ വിവരിക്കുന്നു, ഒരിക്കൽ ഒരു ഗ്രാമീണൻ വന്ന് നബി തിരുമേനി(സ)യോട് തന്റെ ആവശ്യവുമായി ബന്ധപ്പെട്ട് ചോദിച്ചു. നിവേദകൻ ഇക്രിമ പറയുന്നു, എന്റെ അഭിപ്രായത്തിൽ അവൻ ദിയ്യത്തിന്റെ(blood money) കാര്യത്തിൽ സഹായം ചോദിക്കാൻ വന്നതായിരുന്നു. നബി തിരുമേനി(സ) അവന് അല്പം നല്കി. തുടർന്ന് അദ്ദേഹം ആരാഞ്ഞു: ഞാൻ താങ്കളോട് നല്ല രീതിയിലാണോ പെരുമാറിയത്? അതിന് ആ ഗ്രാമീണൻ പറഞ്ഞു: അല്ല. താങ്കൾ എന്നോട് നല്ല രീതിയിൽ പെരുമാറിയില്ല. ചില മുസ്ലീങ്ങൾ ദേഷ്യത്തിൽ അവന്റെ നേരെ ചാടിവീഴാൻ ഉദ്ദേശിച്ചു. അപ്പോൾ നബി തിരുമേനി(സ) അവരെ ആംഗ്യത്തിലൂടെ തടഞ്ഞു.

ശേഷം നബി തിരുമേനി(സ) എഴുന്നേറ്റ് വീട്ടിലേക്ക് പോയി. ആ ഗ്രാമീണനെ വീട്ടിലേക്ക് വിളിച്ചു. എന്നിട്ട് അവനോട് പറഞ്ഞു: താങ്കൾ നമ്മുടെ അടുത്ത് വന്നു. സഹായം ചോദിച്ചു, നാം നല്കി, താങ്കൾക്ക് തോന്നിയത് താങ്കൾ പറഞ്ഞു. താങ്കൾക്കറിയാമോ താങ്കൾ എന്താണ് പറഞ്ഞതെന്ന്, ഞാൻ നീതി കാണിച്ചില്ല എന്ന്.

തുടർന്ന് നബി തിരുമേനി(സ) വീട്ടിൽ നിന്ന് അവന് കൂടുതൽ നല്കി. പിന്നീട് അദ്ദേഹം പറയുന്നു: ഇപ്പോൾ ഞാൻ താങ്കളോട് നല്ല രീതിയിൽ പെരുമാറിയോ? ഗ്രാമീണൻ പറഞ്ഞു: അതെ. അല്ലാഹു താങ്കളുടെ വീട്ടുകാർക്കും ഗോത്രക്കാർക്കും മികച്ച പ്രതിഫലം നല്കുമാറാകട്ടെ.

അതിൽ നബി തിരുമേനി(സ) അവനോട് പറഞ്ഞു: താങ്കൾ നമ്മുടെ അടുത്ത് വന്ന് നമ്മോട് ചോദിച്ചു, അപ്പോൾ നാം താങ്കൾക്ക് നല്കി, എന്നാൽ താങ്കളുടെ മനസ്സിൽ വന്നത് ചിന്തിക്കാതെയും മനസ്സിലാക്കാതെയും താങ്കൾ പറഞ്ഞു. താങ്കൾ അങ്ങനെ സംസാരിച്ചതിൽ എന്റെ സ്വഹാബികളുടെ ഹൃദയത്തിൽ താങ്കളെ കുറിച്ച് കുറച്ച് ദേഷ്യം കാണപ്പെടുന്നുണ്ട്. അതിനാൽ അവരുടെ നെഞ്ചുകളിലുള്ള വിദ്വേഷം നീങ്ങിപ്പോകാൻ താങ്കൾ പുറത്തുപോകുമ്പോൾ എന്റെ മുന്നിൽ പറഞ്ഞത് തന്നെ അവരുടെ മുന്നിലും ആവർത്തിക്കുക. അതായത് താങ്കൾ നീതി കാണിച്ചു എന്ന് പറഞ്ഞത് അവിടെയും ചെന്ന് പറയുക.

നിവേദകൻ പറയുന്നു, ആ ഗ്രാമീണൻ വന്നപ്പോൾ നബി തിരുമേനി(സ) പറയുന്നു: നിങ്ങളുടെ ഈ കൂട്ടുകാരൻ നമ്മുടെ അടുത്ത് വന്ന് സഹായം ചോദിച്ചു. അപ്പോൾ നാം അവന് നല്കി. അവന്റെ മനസ്സിൽ വന്നത് അവൻ പറഞ്ഞു. നാം അവനെ വിളിച്ച് കൂടുതൽ നല്കി. ഇപ്പോൾ അവൻ സന്തുഷ്ടനായിരിക്കുന്നു എന്നാണ് അവൻ പറയുന്നത്, അങ്ങനെയല്ലേ? ആ ഗ്രാമീണൻ മറുപടി നല്കി: അതെ, അല്ലാഹു താങ്കൾക്ക് കുടുംബത്തിന്റെയും ഗോത്രക്കാരുടെയും ഭാഗത്തുനിന്ന് നല്ല പ്രതിഫലം നല്കുമാറാകട്ടെ.

ഹദ്റത്ത് അബൂ ഹുറൈറ വിവരിക്കുന്നു, ഇതിൽ നബി തിരുമേനി(സ) പറയുന്നു: എന്റെയും ഈ ഗ്രാമീണന്റെയും ഉദാഹരണം ഒരു പെണ്ണൊട്ടകമുള്ള വ്യക്തിയെപ്പോലെയാണ്. അത് വിരണ്ടോടുകയും ആളുകൾ അതിന് പിന്നാലെ ഓടുകയും ചെയ്യുന്നു. അതിൽ ആ ഒട്ടകം കൂടുതൽ വിരളുന്നു. ഒട്ടകത്തിന്റെ ഉടമസ്ഥൻ പറയുന്നു: എന്നെയും എന്റെ ഒട്ടകത്തെയും വിടുക, കാരണം ഞാൻ അതിനോട് കൂടുതൽ സൗമ്യതയോടെ പെരുമാറുന്നവനാണ്. എങ്ങനെയാണ് ഒട്ടകത്തെ മെരുക്കേണ്ടത് എന്ന് എനിക്ക് കൂടുതൽ അറിവുണ്ട്. നി

• ഹദീഥുന്നബ്വി ﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ങ്ങൾ അതിന് പിന്നാലെ ഓടിയാൽ അത് കൂടുതൽ വിരളും. എന്നിട്ട് ഒട്ടകത്തിന്റെ ഉടമസ്ഥൻ അതിന്റെ ഭാഗത്തേക്ക് തിരിഞ്ഞു. അതിനായി കുറച്ചു പുല്ല് എടുത്ത് അതിനെ തന്റെ അടുത്തേക്ക് മാടിവിളിച്ചു. കയ്യിൽ പുല്ല് പിടിച്ച് ഒട്ടകത്തിന്റെ അടുത്തേക്ക് വന്നു. അത് അവന്റെ അടുത്തേക്ക് വന്നു. അയാൾ അതിന്മേൽ ജീനി വച്ച് അതിൽ കയറി. അദ്ദേഹം പറയുന്നു: പുല്ല് തിന്നാൻ ഒട്ടകം വരും. അത് പുല്ല് കണ്ട് വരും, അടുത്തു വരുമ്പോൾ അതിൻ കടിഞ്ഞാണിടും. പിന്നീട് **അദ്ദേഹം പറയുന്നു: ആ ഗ്രാമീണൻ കഠിനമായ വാക്കുകൾ പറഞ്ഞപ്പോൾ അവനോട് കാഠിന്യം കാണിക്കുക എന്ന് നിങ്ങൾ പറഞ്ഞ സമയത്ത് ഞാൻ നിങ്ങളുടെ വാക്ക് കേട്ടിരുന്നെങ്കിൽ, അവനോട് കാഠിന്യം കാണിക്കാൻ നിങ്ങളെ അനുവദിച്ചിരുന്നെങ്കിൽ അവൻ നരകാഗ്നിയിൽ പ്രവേശിക്കുമായിരുന്നു. എന്നാൽ ഞാൻ അവനെ രക്ഷിച്ചു. ഇപ്പോൾ അവൻ സന്തുഷ്ടനായിരിക്കുന്നു.**

*(മജ്മഉസ്സവാഇദ്, വാള്യം 8, പേജ് 413–414, കിതാബ് അലാമാത്തുന്നബുവ്വ, ബാബു ഫീ ഹുസ്നി ഖൽഖിഹീ വ ഹയാഇഹീ, ഹദീസ് നമ്പർ 14193, ദാറുൽ കുതുബിൽ ഇൽമിയ്യ ബൈറൂത്ത്, 2001)*

ഇതായിരുന്നു അദ്ദേഹത്തിന്റെ ദാനധർമങ്ങളുടെ രീതികൾ. വീട്ടിലേക്കും കൊണ്ടുപോയി. വീട്ടിൽ നിന്നും നല്കി. പുറത്ത് കൊണ്ടുവന്നും നല്കാമായിരുന്നു. നോക്കൂ, എന്റെ വീട്ടിലും അങ്ങനെയുള്ള സുഖലോലുപതയുടെ സാധനങ്ങളൊന്നുമില്ല എന്ന് കാണിച്ചുകൊടുത്തു. എന്നാൽ ഉള്ളത് ഞാൻ നല്കുകയാണ്. ആ ഗ്രാമീണനും അങ്ങനെ സമാധാനമായി.

ഹദ്റത്ത് റബീഅ് ബിൻത് മുഅവ്വിദ് ബിൻ അഫ്റാ വിവരിക്കുന്നു, എന്റെ പിതാവ് മുഅവ്വിദ് ബിൻ അഫ്റാ എന്നെ റസൂലുല്ലാഹ് (സ) യുടെ സന്നിധിയിൽ ഒരു സാഅ് (ഏകദേശം 3 കിലോഗ്രാം) പുതിയ ഈന്തപ്പഴങ്ങൾ നല്കി അയച്ചു, അതിനുമുകളിൽ ചെറിയ ചെറിയ വെള്ളരിക്കകൾ വച്ചിട്ടുണ്ടായിരുന്നു, അവ പുതിയതായിരുന്നു. നബി തിരുമേനി(സ) വെള്ളരിക്ക ഇഷ്ടപ്പെട്ടിരുന്നു. അപ്പോൾത്തന്നെ റസൂലുല്ലാഹ്(സ)യുടെ പക്കൽ ബഹ്റൈനിൽ നിന്ന് ആഭരണങ്ങൾ വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം അതിൽ നിന്ന് ഒരു പിടി നിറയെ എനിക്ക് നല്കി. മറ്റൊരു നിവേദനത്തിലുണ്ട് റസൂലുല്ലാഹ് (സ) എനിക്ക് എന്റെ കൈവെള്ള നിറയെ ആഭരണമോ സ്വർണ്ണമോ നല്കി. തുടർന്ന് അദ്ദേഹം പറഞ്ഞു, ഇത് ധരിച്ചുകൊള്ളുക.

*(മജ്മഉസ്സവാഇദ്, കിതാബ് അലാമാത്തുന്നബുവ്വ, ബാബു ഫീ ജൂദിഹീ (സ) വാള്യം 8, പേജ് 410, ഹദീസ് 14182–14183, ദാറുൽ കുതുബിൽ ഇൽമിയ്യ ബൈറൂത്ത്, 2001)*

**ഇതാണ് ഏറ്റവും നല്ല നിലയിൽ മടക്കിനൽകൽ. ഈന്തപ്പഴങ്ങൾക്കും വെള്ളരിക്കകൾക്കും പകരമായി സ്വർണാഭരണങ്ങൾ അദ്ദേഹം നല്കി.**

ഹദ്റത്ത് അബൂ ഹുറൈറയിൽ നിന്ന് നിവേദനം, റസൂലുല്ലാഹ്(സ) യുടെ പക്കൽ കടമുള്ള ഏതെങ്കിലും വ്യക്തിയുടെ ജനാസ വരുമ്പോൾ അദ്ദേഹം ചോദിക്കുമായിരുന്നു, അവൻ തന്റെ കടം വീട്ടാൻ വല്ല ധനവും ബാക്കിവച്ചിട്ടുണ്ടോ? ആളുകൾ അതെ എന്ന് പറയുകയാണെങ്കിൽ അദ്ദേഹം ജനാസ നമസ്കരിക്കുമായിരുന്നു. അല്ലെങ്കിൽ മുസ്ലീങ്ങളോട് പറയുമായിരുന്നു, നിങ്ങൾ നിങ്ങളുടെ കൂട്ടുകാരന്റെ ജനാസ നമസ്കരിച്ചുകൊള്ളുക. അല്ലാഹു അദ്ദേഹത്തിന് വിജയങ്ങൾ നല്കിയപ്പോൾ അദ്ദേഹം പറയുന്നു, **ഞാൻ മുസ്ലീങ്ങൾക്ക് അവരുടെ ബന്ധുക്കളേക്കാളും കൂടുതൽ അടുത്തവനാണ്. അതുകൊണ്ട് സത്യവിശ്വാസികളിൽ നിന്ന് ആരെങ്കിലും മരണപ്പെടുകയും അവൻ കടം ബാക്കിവയ്ക്കുകയും ചെയ്താൽ അത് അടച്ചുതീർക്കേണ്ടത് എന്റെ ചുമതലയാണ്. ആരെങ്കിലും വല്ല ധനവും ബാക്കിവച്ചാൽ അത് അവന്റെ അവകാശികൾക്കുള്ളതാണ്. കടമുണ്ടെങ്കിൽ അത് ഞാൻ അടച്ചുതീർക്കും. എന്നാൽ അവൻ ധനമാണ് അനന്തരാവകാശമായി ബാക്കി വച്ചതെങ്കിൽ അത് അവകാശികൾക്കുള്ളതാണ്.**

*(സഹീഹ് ബുഖാരി, കിതാബുൽ കഫാലഃ, ബാബുദ്ദീൻ, ഹദീസ് 2298, വാള്യം 4, പേജ് 280, നസാറത്ത് ഇശാഅത്ത്)*

അബ്ദുല്ലാഹ് ഹൗസനി വിവരിച്ചു, റസൂലുല്ലാഹ്(സ)യുടെ മുഅദ്ദിനായ ഹദ്റത്ത് ബിലാലിനെ ഞാൻ ഹലബ് എന്ന സ്ഥലത്തുവെച്ച് കണ്ടുമുട്ടി. ഞാൻ പറഞ്ഞു, ഹേ ബിലാൽ റസൂലുല്ലാഹ്(സ)യുടെ ചിലവ് എങ്ങനെയായിരുന്നു എന്ന് എനിക്ക് പറഞ്ഞുതരിക? അദ്ദേഹം പറഞ്ഞു: അദ്ദേഹത്തിന്റെ പക്കൽ ഒന്നുമുണ്ടായിരുന്നില്ല, ഞാൻ തന്നെയാണ് അദ്ദേഹത്തിന് വേണ്ടി ഏർപ്പാടുകൾ ചെയ്തിരുന്നത്. അല്ലാഹു അദ്ദേഹത്തെ നിയോഗിച്ച സമയം മുതൽ; ഞാൻ ബൈഅത്ത് ചെയ്ത സമയം മുതൽ റസൂലുല്ലാഹ്(സ)യുടെ മരണം വരെ ഞാൻ തന്നെയായിരുന്നു ഏർപ്പാടുകൾ ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ അടുത്ത് ഏതെങ്കിലും മുസ്ലീം വരികയും അവന്റെ പക്കൽ വസ്ത്രമില്ല എന്ന് അദ്ദേഹം കാണുകയും ചെയ്താൽ അദ്ദേഹം എന്നോട് കല്പിക്കുമായിരുന്നു. ഞാൻ പോയി കടം വാങ്ങി അവനുവേണ്ടി പുതപ്പ് വാങ്ങുകയും അവനെ ധരിപ്പിക്കുകയും അവന് ഭക്ഷണം നല്കുകയും ചെയ്യുമായിരുന്നു. അങ്ങനെയിരിക്കെ മുശ്രിക്കുകളിൽ നിന്നുള്ള ഒരാൾ എന്നെ കണ്ടുമുട്ടി. അവൻ പറഞ്ഞു: ഹേ ബിലാൽ, എന്റെ പക്കൽ ധനത്തിന്റെ വിശാലതയുണ്ട്. നീ എന്നിൽ നിന്ന് മാത്രം കടം വാങ്ങിക്കൊള്ളുക. പിന്നീട് ഞാൻ അങ്ങനെതന്നെ ചെയ്തുകൊണ്ടിരുന്നു, അദ്ദേഹം പറയുന്നു ഒരു ദിവസം ഞാൻ വുദു ചെയ്തു. ബാങ്ക് നല്കാൻ വേണ്ടി നിന്നപ്പോൾ അതേ മുശ്രിക് കച്ചവടക്കാരുടെ സംഘത്തോടൊപ്പം വന്നെത്തി. അവൻ എന്നെ കണ്ടപ്പോൾ പറയാൻ തുടങ്ങി ഹേ ഹബ്ശീ. ഞാൻ പറഞ്ഞു ഉവ്വ്. അവൻ എന്റെ നേരെ വെറുപ്പോടെ നോക്കുകയും എന്നോട് കഠിനമായ വാക്കുകൾ സംസാരിക്കുകയും ചെയ്തു. അവൻ എന്നോട് പറയാൻ തുടങ്ങി, നിനക്കും മാസത്തിനുമിടയിൽ എത്ര ദിവസം ബാക്കിയുണ്ടെന്ന് നിനക്കറിയാമോ? അതായത് കടമെടുക്കാൻ ഉണ്ടാക്കിയ കരാർ അവധി. ഇന്ന തിയ്യതിക്കുള്ളിൽ അടച്ചുതീർക്കാം അല്ലെങ്കിൽ ഒരു മാസത്തിനുള്ളിൽ അടച്ചുതീർക്കാം എന്ന് പറഞ്ഞിരുന്നു. അവൻ ചോദിച്ചു എത്ര ദിവസം ബാക്കിയുണ്ടെന്ന് നിനക്കറിയാമോ? ഹദ്റത്ത് ബിലാൽ പറഞ്ഞു: അത് അടുത്തിരിക്കുന്നു. സമീപ ദിവസങ്ങൾ തന്നെയാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അപ്പോൾ അവൻ പറഞ്ഞു നിനക്കും അതിനുമിടയിൽ വെറും നാല് ദിവസം മാത്രമാണ് ബാക്കിയുള്ളത്. ഈ കടം വീട്ടാൻ നിശ്ചയിക്കപ്പെട്ട വ്യവസ്ഥയുള്ള ദിവസത്തിന് ഇനി വെറും നാല് ദിവസം മാത്രമാണ് ബാക്കിയുള്ളത്. നിന്റെ ചുമതലയിലുള്ളത് കാരണം ഞാൻ നിന്നെ പിടികൂടും. നിന്നെ വീണ്ടും നീ ഇതിനുമുമ്പ് ആയിരുന്നതുപോലെ ആടുമേയ്ക്കുന്ന അവസ്ഥയിലേക്ക് മടക്കും, അദ്ദേഹം പറയുന്നു ജനങ്ങളുടെ ഹൃദയത്തിൽ ഉണ്ടാകുന്ന ആ അവസ്ഥ എന്റെ ഹൃദയത്തിലുമുണ്ടായി, ഹദ്റത്ത് ബിലാൽ പറയുന്നു വലിയ മനപ്രയാസമുണ്ടായി. അങ്ങനെ ഞാൻ ഇശാ നമസ്കരിച്ചു, റസൂലുല്ലാഹ്(സ) തന്റെ വീട്ടുകാരുടെ അടുത്തേക്ക് തിരികെ വന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്ക് വരാൻ അനുവാദം ചോദിച്ചു. അദ്ദേഹം എനിക്ക് അനുവാദം നല്കി. രാത്രി ഞാൻ നബി തിരുമേനി(സ)യുടെ സന്നിധിയിൽ പോയി. അപ്പോൾ ഞാൻ പറഞ്ഞു അല്ലാഹുവിന്റെ റസൂലേ എന്റെ ഉമ്മയും വാപ്പയും താങ്കൾക്ക് തെണ്ടമാകട്ടെ. ഞാൻ ഏത് മുശ്രിക്കിൽ നിന്നാണോ കടം വാങ്ങിയിരുന്നത് അവൻ എന്നോട് ഇന്നയിന്ന കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. എനിക്ക് വേണ്ടി താങ്കൾക്ക് അടച്ചുതീർക്കാൻ കഴിയുന്നതൊന്നും താങ്കളുടെ പക്കലില്ല, കാരണം താങ്കൾ എന്നോട് അവന് വാങ്ങിക്കൊടുക്കുക ഇവന് വാങ്ങിക്കൊടുക്കുക എന്ന് പറയുമായിരുന്നു. അപ്പോൾ ഞാൻ കടം വാങ്ങി നല്കുമായിരുന്നു, എന്നാൽ ഇപ്പോൾ താങ്കളുടെ പക്കലുമില്ല എന്റെ പക്കലുമില്ല, അവൻ എന്നെ അപമാനിക്കാൻ തുനിഞ്ഞിരിക്കുകയാണ്. മുസ്ലീങ്ങളായ ഏതെങ്കിലും ഗോത്രങ്ങളിലേക്ക് പോയിക്കൊള്ളാൻ എനിക്ക് അനുവാദം നല്കുക. അല്ലാഹു തന്റെ റസൂലുല്ലാഹ്(സ)ക്ക് എനിക്ക് വേണ്ടി അടച്ചുതീർക്കാൻ കഴിയുന്നത് നല്കുന്നതുവരെ. അദ്ദേഹം പറയുന്നു: ഞാൻ പുറപ്പെട്ടു. അങ്ങനെ ഞാൻ എന്റെ വീട്ടിലെത്തി. അവിടെ നിന്ന് നബി തിരുമേനി(സ)യിൽ നിന്ന് അനുവാദം വാങ്ങി ഞാൻ വീട്ടിൽ വന്നു. എന്റെ വാളും എന്റെ സഞ്ചിയും എന്റെ ചെരുപ്പും എന്റെ പരിചയും എന്റെ തലയ്ക്കൽ വച്ചു. രാവിലെ എഴുന്നേൽക്കുമ്പോൾ, ആദ്യത്തെ പ്രഭാതം ഉദിക്കുമ്പോൾ ഞാൻ ഇവിടെനിന്ന് പുറപ്പെടും എന്ന് ഞാൻ തീരുമാനിച്ചു. അദ്ദേഹം പറയുന്നു രാവിലെ ഒരാൾ ഓടിക്കൊണ്ട് എന്നെ വിളിക്കുകയായിരുന്നു, ഹേ ബിലാൽ റസൂലുല്ലാഹ്(സ) യുടെ സന്നിധിയിൽ ഹാജരാകുക. അദ്ദേഹം പറയുന്നു ഞാൻ നടന്നു, യാത്ര പോകുന്നതിന് പകരം നബി തിരുമേനി(സ)യുടെ സന്നിധിയിൽ

**• ഹദീഥുന്നബ്‌വി ﷺ •**

**"തഅല്ലമുൽയഖീന."**
**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

ഹാജരാകയി. അപ്പോൾ നാല് പെണ്ണൊട്ടകങ്ങൾ സാധനങ്ങൾ കയറ്റിയ നിലയിൽ നില്ക്കുന്നത് കണ്ടു. ഞാൻ പോകാൻ അനുവാദം ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ ഞാൻ ഇപ്പോൾ യാത്ര പോവുകയാണ്. അപ്പോൾ റസൂലുല്ലാഹ്(സ) എന്നോട് പറഞ്ഞു: സന്തോഷിച്ചുകൊള്ളുക. അല്ലാഹു താങ്കൾക്ക് കടം വീട്ടാനുള്ള സംവിധാനം ഒരുക്കിത്തന്നിരിക്കുന്നു. തുടർന്ന് അദ്ദേഹം പറഞ്ഞു: ഈ ഇരിക്കുന്ന നാല് ഒട്ടകങ്ങളെ കണ്ടില്ലേ. ഞാൻ പറഞ്ഞു തീർച്ചയായും കണ്ടു. അദ്ദേഹം പറയുന്നു അവയുടെ കഴുത്തുകളും അവയിലുള്ളതെല്ലാം താങ്കൾക്കുള്ളതാണ്. അതായത് ആ ഒട്ടകങ്ങളും താങ്കളുടെതാണ് അതിലുള്ള ധനവും താങ്കളുടേതാണ്. അവയിൽ ഫിദകിലെ തലവൻ എനിക്ക് സമ്മാനമായി കൊടുത്തയച്ച വസ്ത്രങ്ങളും ധാന്യങ്ങളുമുണ്ട്. അവ എടുത്തു കൊള്ളുക. താങ്കളുടെ കടം വീട്ടുക. ഹദ്റത്ത് ബിലാൽ പറയുന്നു ഞാൻ അങ്ങനെതന്നെ ചെയ്തു, പിന്നീട് ഞാൻ പള്ളിയിലേക്ക് പോയി, അപ്പോൾ റസൂലുല്ലാഹ്(സ) പള്ളിയിൽ ഇരിക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തിന് സലാം പറഞ്ഞു, അദ്ദേഹം പറഞ്ഞു: എന്തൊക്കെയായി കാര്യങ്ങൾ? ഞാൻ പറഞ്ഞു: റസൂലുല്ലാഹ്(സ)യുടെ ചുമതലയിലുണ്ടായിരുന്ന എല്ലാ ബാധ്യതകളും അല്ലാഹു തീർത്തിരിക്കുന്നു. ഇനി യാതൊരു ബാധ്യതയും ബാക്കിയില്ല. അദ്ദേഹം ചോദിച്ചു, എന്തെങ്കിലും മിച്ചം വന്നിട്ടുണ്ടോ. ഞാൻ പറഞ്ഞു ഉവ്വ്. അദ്ദേഹം പറഞ്ഞു: നോക്കൂ, താങ്കൾ ഈ ധനത്തിൽ നിന്ന് എനിക്ക് ആശ്വാസം നല്കുക. അതായത് ബാക്കിയുള്ളതിൽ നിന്നും ആശ്വാസം നല്കുക. അത് പാവപ്പെട്ടവർക്ക് വേണ്ടി ചിലവാക്കുക, കാരണം താങ്കൾ അത് കൊടുത്ത് എനിക്ക് ആശ്വാസം നല്കുന്നതു വരെ ഞാൻ എന്റെ വീട്ടുകാരുടെ അടുത്തേക്ക് പോകുകയില്ല. റസൂലുല്ലാഹ്(സ) ഇശാ നമസ്കരിച്ചപ്പോൾ എന്നെ വിളിച്ചിട്ട് പറഞ്ഞു: എന്തായി കാര്യങ്ങൾ? അതായത് വിതരണം ചെയ്യാൻ പറഞ്ഞ ബാക്കി വന്ന ധനത്തിന് എന്തു സംഭവിച്ചു? ഹദ്റത്ത് ബിലാൽ പറയുന്നു, ഞാൻ പറഞ്ഞു: ആരും തന്നെ വാങ്ങാൻ ഞങ്ങളുടെ അടുത്ത് വന്നില്ല. അത് എന്റെ പക്കൽ അങ്ങനെത്തന്നെ കിടപ്പുണ്ട്. റസൂലുല്ലാഹ്(സ) രാത്രി പള്ളിയിൽ തന്നെ കഴിച്ചുകൂട്ടി. അദ്ദേഹം പറഞ്ഞു ശരി എന്നാൽ ഞാനും വീട്ടിൽ പോകുകയില്ല പള്ളിയിൽ തന്നെ നില്ക്കും. അടുത്ത ദിവസം അദ്ദേഹം ഇശാ നമസ്കരിച്ചപ്പോൾ എന്നെ വിളിച്ചു പറഞ്ഞു: എന്തായി താങ്കളെ ഏൽപ്പിച്ച കാര്യം? അദ്ദേഹം പറയുന്നു, ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അല്ലാഹു താങ്കൾക്ക് അതിൽ നിന്ന് ആശ്വാസം നല്കിയിരിക്കുന്നു. അദ്ദേഹം അല്ലാഹുവിന്റെ മഹത്വവും അവന്റെ സ്തുതിയും കീർത്തിച്ചു. അതായത് ധനം വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ മരണം വന്നെത്തുകയും ആ ധനം അദ്ദേഹത്തിന്റെ പക്കലുണ്ടാകുകയും ചെയ്യുമോ എന്ന ഭയത്താൽ അദ്ദേഹം അല്ലാഹുവിന്റെ മഹത്വവും അവന്റെ സ്തുതിയും കീർത്തിച്ചു. ഹദ്റത്ത് ബിലാൽ പറയുന്നു പിന്നീട് ഞാൻ അദ്ദേഹത്തിന്റെ പിന്നാലെ പോയി. അങ്ങനെ അദ്ദേഹം തന്റെ പരിശുദ്ധ പത്നിമാരുടെ അടുത്ത് പോകുകയും ഓരോരുത്തർക്കും സലാം പറയുകയും ചെയ്തു. പിന്നീട് അദ്ദേഹം ഊഴമനുസരിച്ച് രാത്രി കഴിച്ചുകൂട്ടേണ്ട സ്ഥലത്ത് പോയി.

*(സുനൻ അബീ ദാവൂദ്, കിതാബുൽ ഖറാജ്... ബാബു ഫിൽ ഇമാമി യഖ്ബലു ഹദായൽ മുശ്‌രികീൻ, ഹദീസ് 3055)*

ഹദ്റത്ത് ഉമ്മു സുംബുല വിവരിക്കുന്നു, ഞാൻ നബി തിരുമേനി(സ)യുടെ സന്നിധിയിൽ ഒരു സമ്മാനവുമായി ഹാജരായി. അപ്പോൾ നബി തിരുമേനി(സ)യുടെ പരിശുദ്ധ പത്നിമാർ അത് വാങ്ങാൻ വിസമ്മതിച്ചു. ഞങ്ങൾ സമ്മാനം സ്വീകരിക്കാറില്ല എന്ന് പറഞ്ഞു. പിന്നീട് റസൂലുല്ലാഹ്(സ) വന്നിട്ട് പറഞ്ഞു, ഉമ്മു സുംബുലയുടെ സമ്മാനം സ്വീകരിക്കുക. കാരണം അവർ നമ്മുടെ ഗ്രാമവാസികളിൽ പെട്ടതാണ്, നമ്മൾ അവരുടെ നഗരവാസികളിൽ പെട്ടവരുമാണ്. പിന്നീട് അദ്ദേഹം അവരുടെ സമ്മാനം സ്വീകരിച്ചു. അവർക്ക് ഇന്നയിന്ന താഴ്വരകൾ നല്കി.

*(ഉസുദുൽ ഗാബ, വാല്യം 7, പേജ് 336, ദാറുൽ കുതുബിൽ ഇൽമിയ്യ, 1994)*

അതായത് ആ സമ്മാനവും വാങ്ങി പിന്നീട് അതിന് പകരമായി ഒരു മുഴുവൻ പ്രദേശം തന്നെ സമാനിച്ചു. നേരത്തെയും വിവരിച്ചതുപോലെ **കുറഞ്ഞ സമ്മാനത്തിന് പകരമായും അദ്ദേഹം വളരെയധികം നല്കുമായിരുന്നു.**

ഹദ്റത്ത് ഇബ്നു ഉമർ വിവരിക്കുന്നു, നബി തിരുമേനി(സ) ഹദ്റത്ത് സുബൈറിന് അദ്ദേഹത്തിന്റെ കുതിര എത്തുന്നതുവരെയുള്ള ഭൂമി സ്വത്തായി നല്കാൻ കല്പിച്ചു. കുതിരയെ ഓടിക്കുക അത് എവിടെപ്പോയി നില്ക്കുന്നുവോ ആ പ്രദേശം മുഴുവൻ അദ്ദേഹത്തിന്റേതാകും. വിജയങ്ങൾക്ക് ശേഷം വലിയ വിശാലമായ പ്രദേശം കൈവന്നിരുന്നു. അങ്ങനെ അദ്ദേഹം തന്റെ കുതിരയെ ഓടിച്ചു അത് ഒരു സ്ഥലത്ത് ചെന്ന് നിന്നു. അത് നിന്നപ്പോൾ കൂടുതൽ ലഭിക്കാനായി അദ്ദേഹം ആഗ്രഹിച്ചു. അങ്ങനെ അദ്ദേഹം കയ്യിലുണ്ടായിരുന്ന ചാട്ടവാർ എറിഞ്ഞു. അത് വളരെ ദൂരെ വരെ പോയി, അപ്പോൾ അദ്ദേഹം പറഞ്ഞു: ഇദ്ദേഹത്തിന്റെ ചാട്ടവാർ എത്തിയ പരിധിവരെയുള്ള ഭൂമി നല്കുക.

*(സുനൻ അബീ ദാവൂദ്, കിതാബുൽ ഖറാജ്..., ബാബു ഫിൽ ഇമാമി യഖ്ബലു ഹദായൽ മുശ്‌രിക്കീൻ, ഹദീസ് 3055)*

അതായത് ആ കുതിരയുടെ ചാട്ടവാർ എവിടം വരെ എറിഞ്ഞുവോ, അവിടം വരെയുള്ള ഭൂമി അവന് പതിച്ചു നല്കുക.

ഹദ്റത്ത് ജുബൈർ ബിൻ മുത്ഇം (റ) വിവരിക്കുന്നു, ഒരിക്കൽ അദ്ദേഹം റസൂലുല്ലാഹ്(സ) യുടെ കൂടെ പോവുകയായിരുന്നു. അദ്ദേഹത്തോടൊപ്പം മറ്റ് ആളുകളുമുണ്ടായിരുന്നു. ഈ സംഭവം അദ്ദേഹം ഹുനൈനിൽ നിന്ന് മടങ്ങിവരുമ്പോഴുള്ളതാണ്. ചില ഗ്രാമീണർ വഴിയിൽ വച്ച് അദ്ദേഹത്തെ പൊതിഞ്ഞു ധനം ചോദിക്കാൻ തുടങ്ങി. അവർ അദ്ദേഹത്തെ എത്രമാത്രം നിർബന്ധിച്ചുവെന്നാൽ അദ്ദേഹത്തിന് ഒരു കരിവേല മരത്തിന്റെ അടുത്തേക്ക് മാറേണ്ടി വന്നു. അദ്ദേഹത്തിന്റെ പുതപ്പ് മരത്തിൽ ഉടക്കി. നബി തിരുമേനി(സ) നിന്നു. ചില നിവേദനങ്ങളിൽ പുതപ്പ് ഉടക്കിയപ്പോൾ അവർ അത് വലിക്കാൻ തുടങ്ങിയതിനാൽ അദ്ദേഹത്തിന്റെ കഴുത്തിൽ പാടുകൾ വീണു എന്നും വന്നിട്ടുണ്ട്. അദ്ദേഹം പറയുന്നു: എന്റെ പുതപ്പ് നല്കുക, **എന്റെ പക്കൽ ഈ മുള്ളുള്ള മരങ്ങളുടെ എണ്ണത്തിൽ മൃഗങ്ങളുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ഞാൻ അവ നിങ്ങൾക്കിടയിൽ വീതിക്കുമായിരുന്നു, നിങ്ങൾ എന്നെ ഒരിക്കലും പിശുക്കനായോ നുണയനായോ ഭീരുവായോ കാണുമായിരുന്നില്ല.**

*(സഹീഹ് ബുഖാരി, കിതാബുൽ ജിഹാദി വസ്സിയർ, ബാബു ശുജാഅത്തി ഫിൽ ഹർബി വൽ ജുബ്ൻ, ഹദീസ് 2821, വാല്യം 5, പേജ് 185, നിസാറത്ത് ഇശാഅത്ത് റബ, അൽ ലുഅ് ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 9, പേജ് 352–353, മക്തബത്തു ദാറുസ്സലാം റിയാദ്)*

ഈ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പ്രകാരം എഴുതിയിട്ടുണ്ട്. മക്കാ വിജയത്തിൽ നിന്നും ഹുനൈൻ യുദ്ധത്തിൽ നിന്നും ഒഴിവായ ശേഷം പരാജയപ്പെട്ട ശത്രുക്കളുടെ പിഴകളിൽ നിന്നും യുദ്ധക്കളത്തിൽ ഉപേക്ഷിക്കപ്പെട്ട വസ്തുക്കളിൽ നിന്നും ശേഖരിക്കപ്പെട്ട ധനം പതിവുപോലെ റസൂലുല്ലാഹ്(സ) ഇസ്ലാമിക സൈന്യത്തിന് വിതരണം ചെയ്യേണ്ടതായിരുന്നു. എന്നാൽ ഈ അവസരത്തിൽ അദ്ദേഹം ഈ ധനം മുസ്ലീങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നതിന് പകരം മക്കയിലെയും ചുറ്റുപാടുകളിലെയും ആളുകൾക്കിടയിൽ വിതരണം ചെയ്തു. ഈ ആളുകളുടെ ഉള്ളിൽ ഇതുവരെ വിശ്വാസം ജനിച്ചിട്ടുണ്ടായിരുന്നില്ല. പലരും ഇപ്പോഴും അവിശ്വാസികൾ തന്നെയായിരുന്നു. മുസ്ലീങ്ങളായവരും പുതിയതായി മുസ്ലീങ്ങളായവരായിരുന്നു. ഒരു സമൂഹം തങ്ങളുടെ ധനം മറ്റ് ആളുകൾക്ക് വിതരണം ചെയ്യുന്നത് അവർക്ക് തികച്ചും പുതിയ കാര്യമായിരുന്നു. ഈ ധനത്തിന്റെ വിതരണത്താൽ അവരുടെ ഹൃദയത്തിൽ നന്മയും ഭക്തിയും ജനിക്കുന്നതിന് പകരം അവരുടെ അത്യാഗ്രഹം കൂടുതൽ വർദ്ധിച്ചു. അവർ റസൂലുല്ലാഹ്(സ)ക്ക് ചുറ്റും തടിച്ചുകൂടി. കൂടുതൽ ആവശ്യങ്ങളുമായി അദ്ദേഹത്തെ ബുദ്ധിമുട്ടിക്കാൻ തുടങ്ങി. അങ്ങനെ അവർ തള്ളി തള്ളി അദ്ദേഹത്തെ ഒരു മരത്തിന്റെ അടുത്ത് എത്തിച്ചു. ഒരാൾ അദ്ദേഹത്തിന്റെ തോളിൽ കിടന്നിരുന്ന പുതപ്പ് പിടിച്ച് അദ്ദേഹത്തിന്റെ ശ്വാസം മുട്ടുന്ന രീതിയിൽ തിരിക്കാൻ തുടങ്ങി. അദ്ദേഹം പറയുന്നു, **ഹേ ജനങ്ങളേ, എന്റെ പക്കൽ മറ്റെന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ അതും ഞാൻ നിങ്ങൾക്ക് നല്കുമായിരുന്നു, നിങ്ങൾ എന്നെ ഒരിക്കലും പിശുക്കനായോ ഭീരുവായോ കാണുമായിരുന്നില്ല.** പിന്നീട് അദ്ദേഹം തന്റെ പെൺഒട്ടകത്തിന്റെ അടുത്തേക്ക് പോയി അതിന്റെ ഒരു രോമം പറിച്ച് ഉയർത്തിപ്പിടിച്ചു, അദ്ദേഹം പറയുന്നു, ഹേ ജനങ്ങളേ, ഖുമുസ് അഥവാ അഞ്ചിലൊന്ന് വിഹിതം അല്ലാതെ നിങ്ങളുടെ ധനത്തിൽ നിന്ന് ഈ രോമത്തിന്റെ അളവിൽ പോലും എനിക്ക് ആവശ്യമില്ല, അറബികളുടെ നിയമപ്രകാരം അത് ഭരണകൂടത്തിന്റെ വിഹിതമാണ്. ആ അഞ്ചിലൊന്നും ഞാൻ എന്റെ സ്വന്തം ആവശ്യത്തിന് ചിലവാക്കുന്നില്ല,. മറിച്ച് അതും നിങ്ങളുടെ കാര്യങ്ങൾക്കാണ് ചിലവാക്കുന്നത്. ഓർക്കുക, വഞ്ചന കാണിക്കുന്ന മനുഷ്യൻ അന്ത്യനാളിൽ അല്ലാഹുവിന്റെ സന്നിധിയിൽ വഞ്ചന നിമിത്തം അപമാനിതനാകും.

അദ്ദേഹം തുടർന്ന് ഈ സംഭവം വിവരിച്ചുകൊണ്ട് എഴുതിയിരിക്കുന്നു, **മുഹമ്മദ് റസൂലുല്ലാഹി സല്ലല്ലാഹു അലൈഹി വസല്ലം**

**രാജാധികാരം ആഗ്രഹിച്ചിരുന്നു എന്ന് ആളുകൾ പറയുന്നു. രാജാക്കന്മാരും പ്രജകളും തമ്മിലുള്ള ബന്ധം ഇപ്രകാരമാണോ? രാജാവിനെ ഇപ്രകാരം തള്ളിക്കൊണ്ടുപോകാനും അദ്ദേഹത്തിന്റെ കഴുത്തിൽ തുണിയിട്ട് ശ്വാസം മുട്ടിക്കാനും ആർക്കെങ്കിലും കഴിയുമോ? അല്ലാഹുവിന്റെ ദൂതന്മാർക്കൊഴികെ ആർക്കാണ് ഈ മാതൃക കാണിക്കാൻ കഴിയുക.**

*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം, വാള്യം 20, പേജ് 357–358)*

**തബൂക്ക് യുദ്ധത്തിൽ തിരുനബിക്ക് ഒരു മനോഹരമായ കുതിര ലഭിച്ചു. അതിന്റെ ശബ്ദം അദ്ദേഹത്തിന് വളരെ ഇഷ്ടമായിരുന്നു. പിന്നീട് ഒരു അൻസാരി അദ്ദേഹത്തോട് പറഞ്ഞു: എന്റെ ഉമ്മയും വാപ്പയും അങ്ങയ്ക്ക് തെണ്ടമാകട്ടെ. ഈ കുതിര എനിക്ക് നല്കിയാലും. അദ്ദേഹം പറയുന്നു: ഇത് ഇനിമുതൽ താങ്കളുടെതാണ്.**

*(ശറഫുൽ മുസ്ത്വഫാ, അൽ ജുസ്അ് 3, പേജ് 299, ജാമിഉ അബ്വാബി മാ കാന ലന്നബി(സ) മിനൽ അസ്വാജി വൽ അംതാഅ്, ഫസ്ൽ: ദിക്റു ഖൈലി റസൂലില്ലാഹി(സ), ഹദീസ് 1040, ദാറുൽ ബശാഇരിൽ ഇസ്ലാമിയ്യ, 2003)*

ഹദ്റത്ത് ആയിശ (റ) വിവരിക്കുന്നു: റസൂലുല്ലാഹ്(സ) തന്റെ അവസാന സമയത്തെ രോഗവസ്ഥയിൽ പറഞ്ഞു: ഹേ ആയിശ സ്വർണ്ണത്തിന്റെ കാര്യത്തിൽ എന്തു സംഭവിച്ചു? അവർ സ്വർണ്ണത്തിന്റെ അഞ്ചോ പത്തോ നാണയങ്ങൾ അദ്ദേഹത്തിന്റെ സന്നിധിയിൽ കൊണ്ടുവന്നു. അവ വീട്ടിലുണ്ടായിരുന്നു. അദ്ദേഹം അവ തന്റെ കയ്യിൽ മറിച്ചുകൊണ്ട്, അദ്ദേഹം പറയുന്നു: **താൻ അല്ലാഹുവുമായി കണ്ടുമുട്ടുകയും ഈ സ്വർണ്ണം തന്റെ പക്കലുണ്ടാകുകയും ചെയ്യുന്നതിൽ മുഹമ്മദ് (സ)ന് എത്രമാത്രം വ്യാകുലതയുണ്ടായിരിക്കും. ഹേ ആയിശ അവ ചിലവാക്കുക, അതായത് അവ വിതരണം ചെയ്യുക.**

*(മുസ്നദ് അഹ്മദ് ബ്നു ഹൻബൽ, വാള്യം 8, പേജ് 53, മുസ്നദ് ആയിശ (റ), ഹദീസ് 24726, ആലമുൽ കുതുബ് ബൈറൂത്, 1998)*

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് പറയുന്നു: നബി തിരുമേനി(സ) ഒരിക്കൽ തന്റെ വീട്ടിൽ വന്ന് ചോദിച്ചു, നമ്മുടെ വീട്ടിൽ എന്തുണ്ട്? ആയിശ രണ്ട് സ്വർണ്ണ നാണയങ്ങൾ എടുത്തു നല്കി. ഇതാണ് ഉള്ളത് എന്ന് പറഞ്ഞു. നബി തിരുമേനി(സ) അവ കൈവെള്ളയിൽ വച്ചു. അദ്ദേഹം പറഞ്ഞു: പിന്നിൽ രണ്ട് സ്വർണ്ണ നാണയങ്ങൾ ബാക്കിവച്ചു പോകുന്ന ഒരു പ്രവാചകന്റെ അവസ്ഥ എന്തായിരിക്കും! എന്നിട്ട് അപ്പോൾത്തന്നെ അവ വിതരണം ചെയ്തു.

*(മൽഫൂസാത്ത്, വാള്യം 9, പേജ് 281, എഡിഷൻ 2022)*

**ഹുനൈനിലെ യുദ്ധമുതലുകളുടെ വിവരണം** ഇപ്രകാരം വന്നിരിക്കുന്നു, അവിടെ യുദ്ധമുതലായി ആറായിരം അടിമകകളായ സ്ത്രീപുരുഷന്മാരെയും ലഭിച്ചു. ചില നിവേദനങ്ങളിൽ എണ്ണായിരം എന്നും പറയപ്പെടുന്നു. ഇരുപത്തിനാലായിരം ഒട്ടകങ്ങൾ ലഭിച്ചു. നാല്പതിനായിരത്തിലധികം ആടുമാടുകൾ, നാലായിരം ഔഖിയ വെള്ളി, അത് ഏകദേശം നാനൂറ്റിതൊണ്ണൂറ് കിലോഗ്രാം വരും. ഒരു ഔഖിയ പത്തര തോലക്ക് തുല്യമാണ്. അദ്ദേഹം യുദ്ധമുതൽ വിതരണം ചെയ്യാൻ തുടങ്ങിയത് നവാഗതർക്ക് നൽകിക്കൊണ്ടാണ്. അവർ അറബികളിലെ പ്രമുഖരായ ആളുകളായിരുന്നു. തങ്ങളുടെ ഗോത്രങ്ങളിൽ മഹത്വത്തിന്റെയും ശ്രേഷ്ഠതയുടെയും പദവി ഉള്ളവരായിരുന്നു. അവരെ ഇണക്കാൻ അദ്ദേഹം അവർക്ക് സമ്മാനങ്ങൾ നല്കി. അദ്ദേഹം അവരിൽ ചിലർക്ക് നൂറ് ഒട്ടകങ്ങൾ നല്കി. ചിലർക്ക് അമ്പത് ഒട്ടകങ്ങൾ നല്കി. വെള്ളിയും അടിമകളും ഇതിന് പുറമെയായിരുന്നു.

അബൂ സുഫ്യാൻ ബിൻ ഹർബിന് നൂറ് ഒട്ടകങ്ങൾ നല്കി. അബൂ സുഫ്യാൻ നബി തിരുമേനി(സ)യുടെ സന്നിധിയിൽ ഹാജരായപ്പോൾ അദ്ദേഹത്തിന്റെ മുന്നിൽ വെള്ളിയുടെ ഒരു കൂമ്പാരം കണ്ടപ്പോൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, താങ്കൾ ഖുറൈശികളിൽ ഏറ്റവും വലിയ ധനികനായിരിക്കുന്നു. അപ്പോൾ അദ്ദേഹം പുഞ്ചിരിച്ചു. അബൂ സുഫ്യാന് നാല്പത് ഔഖിയ വെള്ളിയും നൂറ് ഒട്ടകങ്ങളും നല്കി. അബൂ സുഫ്യാൻ പറഞ്ഞു: എന്റെ മകൻ യസീദിനും നല്കിയാലും. അദ്ദേഹം അവനും നാല്പത് ഔഖിയ വെള്ളിയും നൂറ് ഒട്ടകങ്ങളും നല്കാൻ കല്പിച്ചു. ഈ യസീദ് അബൂ സുഫ്യാന്റെ മകനായിരുന്നു, അല്ലാതെ കുപ്രസിദ്ധനായ യസീദല്ല, അവൻ അബൂ സുഫ്യാന്റെ പേരക്കുട്ടിയാണ് എന്ന് പറയപ്പെടുന്നു. അതായത് അവൻ ഹദ്റത്ത് മുആവിയയുടെ മകനായിരുന്നു. ഏതായാലും അബൂ സുഫ്യാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, എന്റെ മറ്റൊരു മകൻ മുആവിയക്കും എന്തെങ്കിലും നല്കിയാലും. അദ്ദേഹം അവനും നാല്പത് ഔഖിയ വെള്ളിയും നൂറ് ഒട്ടകങ്ങളും നല്കാൻ കല്പിച്ചു. ഇതിൽ അബൂ സുഫ്യാൻ പറഞ്ഞു: **എന്റെ മാതാപിതാക്കൾ താങ്കൾക്ക് തെണ്ടമാകട്ടെ. താങ്കൾ ഉദാരനാണ്, ഞാൻ താങ്കളോട് യുദ്ധങ്ങൾ ചെയ്തിട്ടുണ്ട്. താങ്കൾ എത്ര നല്ല പോരാളിയാണ്. പിന്നീട് ഞാൻ താങ്കളോട് സന്ധി ചെയ്തു. താങ്കൾ എത്ര നല്ല സന്ധി ചെയ്യുന്നവനാണ്. അല്ലാഹു താങ്കൾക്ക് നല്ല പ്രതിഫലം നല്കുമാറാകട്ടെ.**

*(ശർഹുൽ അല്ലാമത്തുസ്സർഖാനി, വാള്യം 4, പേജ് 18–19, സുബുലുൽ ഹുദാ, വാള്യം 5, പേജ് 396, ദാഇറത്തു മാആരിഫ് സീറത്ത് മുഹമ്മദ് റസൂലുല്ലാഹി (സ), വാള്യം 9, പേജ് 289, ബസ്മ് ഇഖ്ബാൽ ലാഹോർ, ഗസ്വത്തു ഹുനൈൻ അസ് ബാശാമീൽ, പേജ് 273–274, ഗസ്വത്തു ഹുനൈൻ അസ് ബാശാമീൽ, പേജ് 217, ഫർഹങ് സീറത്ത് സീർ ലഫ്ള് ഔഖിയ്യ, പേജ് 49)*

**അദ്ദേഹത്തിന്റെ ദാനത്തിൽ നിന്നും സമ്മാനത്തിൽ നിന്നും പ്രയോജനം ലഭിച്ചവരിൽ മക്കയിലെ ഒരു നേതാവായ സ്വഫ്വാൻ ബിൻ ഉമയ്യയും ഉണ്ടായിരുന്നു.** ഇതേ സഫ്വാനിൽ നിന്നാണ് നബി തിരുമേനി(സ) ഹുനൈൻ യുദ്ധത്തിനായി പടയങ്കികളും ആയുധങ്ങളും വായ്പ വാങ്ങിയത്. ഇയാൾ അവിശ്വാസിയായ അവസ്ഥയിൽ തന്നെ ഹുനൈൻ യുദ്ധത്തിലും പങ്കെടുത്തിരുന്നു. എന്നാൽ ഈ യുദ്ധത്തിൽ വച്ചുതന്നെ അവന്റെ ഹൃദയ പരിവർത്തനം തുടങ്ങി. യുദ്ധമുതൽ വിതരണം ചെയ്യുന്ന സമയം വന്നപ്പോൾ അദ്ദേഹം അവന് നൂറ് ഒട്ടകങ്ങൾ നല്കി. സ്വഹീഹ് മുസ്ലിമിലെ നിവേദനമനുസരിച്ച് മുന്നൂറ് ഒട്ടകങ്ങൾ നല്കി. മറ്റൊരു നിവേദനമുണ്ട്. ആ ദിവസങ്ങളിൽ നബി തിരുമേനി(സ) ഒരു താഴ്വരയിലൂടെ കടന്നുപോയി. അതിൽ യുദ്ധമുതലായ ഒട്ടകങ്ങളും ആടുകളുമുണ്ടായിരുന്നു. ആ താഴ്വര ഒട്ടകങ്ങളെക്കൊണ്ടും ആടുകളെക്കൊണ്ടും നിറഞ്ഞിരുന്നു. **സ്വഫ്വാൻ ഇത്രയും ധനം കണ്ട് അത്ഭുതത്തോടെ നോക്കാൻ തുടങ്ങി. അപ്പോൾ അദ്ദേഹം പറഞ്ഞു: ഹേ അബൂ വഹ്ബ്, ഇത് സ്വഫ്വാന്റെ വിളിപ്പേരായിരുന്നു, ഈ താഴ്വര നിന്നെ അത്ഭുതപ്പെടുത്തിയോ? അവൻ പറഞ്ഞു അതെ. അദ്ദേഹം പറഞ്ഞു: ഈ ധനമെല്ലാം ഇനി നിന്റേതായിരിക്കുന്നു. നീ എടുത്തുകൊള്ളുക. സ്വഫ്വാൻ പെട്ടെന്ന് പറഞ്ഞു: താങ്കൾ അല്ലാഹുവിന്റെ പ്രവാചകനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. കാരണം ഇത്തരം ദാനം ഒരു പ്രവാചകന് മാത്രമേ ചെയ്യാൻ കഴിയൂ.**

മറ്റൊരു നിവേദനമനുസരിച്ച് സഫ്വാൻ ബിൻ ഉമയ്യ തന്നെ വിവരിക്കുന്നു, **അദ്ദേഹം എനിക്ക് ഹുനൈനിലെ യുദ്ധമുതലുകൾ നല്കിക്കൊണ്ടിരുന്നു. ഇതിന്റെ ഫലമായി ആദ്യം താങ്കൾ എനിക്ക് എല്ലാ സൃഷ്ടികളിലും വച്ച് ഏറ്റവും വെറുക്കപ്പെട്ട വ്യക്തിയായിരുന്നു. പിന്നീട് താങ്കൾ എനിക്ക് എല്ലാ സൃഷ്ടികളിലും വച്ച് ഏറ്റവും പ്രിയപ്പെട്ടവനായി മാറി.** ചുരുക്കത്തിൽ അദ്ദേഹം അറബികളിലെ വിവിധ നേതാക്കൾക്ക് നല്കിക്കൊണ്ടിരുന്നു. ഇവരുടെയെല്ലാം ആകെ എണ്ണം അമ്പതിലധികം വരുമെന്ന് പറയപ്പെടുന്നു.

*(സഹീഹു മുസ്ലിം കിതാബുൽ ഫളാഇൽ, ബാബു ഫീ സഖാഇഹി(സ), ഹദീസ് നമ്പർ 2313, ദാഇറത്തു മാആരിഫ് സീറത്ത് മുഹമ്മദ് റസൂലുല്ലാഹി(സ), വാള്യം 9, പേജ് 236–237, ബസ്മു ഇഖ്ബാൽ ലാഹോർ, ശർഹ് സർഖാനി, വാള്യം 4, പേജ് 21, ദാറുൽ കുതുബിൽ ഇൽമിയ്യ, അൽ ലുഅ് ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ, വാള്യം 9, പേജ് 341, മക്തബത്തു ദാറുസ്സലാം റിയാദ്, സുബുലുൽ ഹുദാ, വാള്യം 5, പേജ് 396, ദാറുൽ കുതുബിൽ ഇൽമിയ്യ)*

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) വിവരിക്കുന്നു: **നബി തങ്ങളുടെ പക്കൽ ഒരു സന്ദർഭത്തിൽ ധാരാളം ആടുകളുണ്ടായിരുന്നു. ഒരു അവിശ്വാസി പറഞ്ഞു: കൈസറിന്റെയും കിസ്റയുടെയും പക്കൽ പോലുമില്ലാത്തത്ര ആടുകൾ താങ്കളുടെ പക്കൽ ശേഖരിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം അതെല്ലാം അവന് നല്കി. അവൻ അപ്പോൾത്തന്നെ വിശ്വാസം സ്വീകരിച്ചു. പ്രവാചകനല്ലാതെ മറ്റാർക്കും ഇത്തരം മഹത്തായ ഔദാര്യം കാണിക്കാൻ കഴിയില്ല എന്ന് അവൻ മനസ്സിലാക്കി.**

*(മൽഫൂസാത്ത്, വാള്യം 2, പേജ് 425, എഡിഷൻ 2022)*

അതിനുശേഷം നബി തിരുമേനി(സ) ഹദ്റത്ത് സൈദ് ബിൻ സാബിത്തിനോട് ബാക്കിയുള്ള ആളുകളെ വിളിക്കാൻ കല്പച്ചു. ബാക്കി വന്ന ധനം അവരിൽ യുദ്ധമുതലായി വിതരണം ചെയ്തു. ഓരോരുത്തർക്കും നാല് ഒട്ടകങ്ങളോ അല്ലെങ്കിൽ നാല്പത് ആടുകളോ ലഭിച്ചു. ഇപ്രകാരം ഇതുവരെയുണ്ടായിരുന്നതിൽ വച്ച് ഏറ്റവും വലിയ യുദ്ധമുതൽ അദ്ദേഹം മുഴുവനായും ആളുകൾക്കിടയിൽ വിതരണം ചെയ്തു. **നബി തിരുമേനി(സ)യുടെ ചരിത്രത്തിലെ ഈ വശം ശ്രദ്ധേയമാണ്. മുസ്ലീങ്ങൾ ദരിദ്രരും ധനമോ സമ്പത്തോ ഇല്ലാത്തവരുമായിരുന്നു. അതിനാലാണ് യുദ്ധങ്ങൾ ആരംഭിച്ചത് എന്ന് എതിരാളികൾ അദ്ദേഹത്തെക്കുറിച്ചും അദ്ദേഹത്തിന്റെ യുദ്ധങ്ങളെക്കുറിച്ചും ആരോപിക്കുന്നു. ഈ കാര്യത്തിൽ അല്പമെങ്കിലും യാഥാർത്ഥ്യമുണ്ടായിരുന്നെങ്കിൽ ഹുനൈൻ യുദ്ധത്തിലെ യുദ്ധമുതലുകളുടെ വിതരണം മറ്റൊരു രീതിയിലാകുമായിരുന്നു. എന്നാൽ ഇവിടെ**

**നാം കാണുന്നത് യുദ്ധമുതലിന്റെ ഒരു വലിയ ഭാഗം ഹൃദയങ്ങളെ ഇണക്കുന്നതിനായി അന്യർക്കാണ് നല്കപ്പെട്ടത് എന്നാണ്. ഖുറൈശികളിലെ നേതാക്കൾക്ക് നല്കപ്പെട്ടു. ചില നിവേദനങ്ങൾ അനുസരിച്ച് മുഴുവൻ ധനവും മറ്റ് ആളുകൾക്ക് വിതരണം ചെയ്യപ്പെട്ടു.**

*(ശർഹ് സർഖാനി, വാള്യം 4, പേജ് 27, ദാറുൽ കുതുബിൽ ഇൽമിയ്യ ബൈറൂത്, ഗസ്വത്തു ഹുനൈൻ അസ് ബാഗശമീൽ, പേജ് 270, ദാഇറത്തു മആരിഫ് സീറത്ത് മുഹമ്മദ് റസൂലുല്ലാഹി(സ), വാള്യം 9, പേജ് 289, 322–323, മാഖൂദ് അസ് സീറത്തുന്നബി (സ) അസ് ശിബ്ലി നുഅ്മാനി, ഒന്നാം ഭാഗം, പേജ് 396, നാലാം ഭാഗം, പേജ് 247, മക്തബ ഇസ്ലാമിയ്യ)*

ഇതിൽ മറ്റ് ചില താത്പര്യങ്ങളും കാരണങ്ങളുമുണ്ടാകാം. എന്നാൽ അദ്ദേഹം തനിക്കായി ഒന്നും സൂക്ഷിച്ചുവച്ചില്ലെന്ന് ലോകം കണ്ടു. സ്വന്തം ജീവൻ ബലിയർപ്പിക്കുന്ന വിശ്വസ്തരായ അനുയായികൾക്ക് അതായത് മദീനയിലെ അൻസാറുകൾക്ക് പോലും ഈ യുദ്ധമുതലിൽ നിന്ന് ഒന്നും നല്കിയില്ല അല്ലെങ്കിൽ വളരെ കുറച്ചുമാത്രം നല്കി. ഹുനൈൻ യുദ്ധത്തിന്റെ ദിവസം ഒരു സ്ത്രീ വരികയും അവൾ ചില കവിതകൾ ചൊല്ലുകയും ചെയ്തു. അതിൽ അവൾ ഹവാസിൻ ഗോത്രത്തിൽ അദ്ദേഹം മുലകുടിച്ച ദിവസങ്ങളെക്കുറിച്ച് പരാമർശിച്ചു. അതിനാൽ **അദ്ദേഹം ഹവാസിൻകാരോട് വാങ്ങിയ ധനം തിരികെ നല്കി. ആ ആളുകൾക്ക് വളരെയധികം സമ്മാനങ്ങൾ നല്കി. അദ്ദേഹം അവർക്ക് നല്കിയതിന്റെ മൂല്യം അഞ്ച് ലക്ഷം ദിർഹത്തിന് തുല്യമായിരുന്നുവെന്ന് കണക്കാക്കപ്പെടുന്നു. ഇബ്നു ദിയ്യ പറയുന്നു ഇതാണ് ഔദാര്യത്തിന്റെ അങ്ങേയറ്റം. ഇത്തരമൊരു ഔദാര്യത്തെക്കുറിച്ച്** ഒരിക്കലും കേട്ടിട്ടില്ല.

*(സുബുലുൽ ഹുദാ വർറശാദ്, വാള്യം 7, പേജ് 51, ദാറുൽ കുതുബിൽ ഇൽമിയ്യ, 1993)*

ഹവാസിൻ പ്രതിനിധികൾ മുസ്ലീങ്ങളായി റസൂലുല്ലാഹ്(സ) യുടെ അടുത്ത് വരുകയും തങ്ങളുടെ ധനവും തടവുകാരെയും അവർക്ക് തിരികെ നല്കണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെടുകയും ചെയ്തപ്പോൾ, റസൂലുല്ലാഹ്(സ) എഴുന്നേറ്റു. അദ്ദേഹം പറഞ്ഞു: സത്യം പറയുക എന്നത് എനിക്ക് ഇഷ്ടമാണ്. സത്യം എനിക്ക് വളരെ ഇഷ്ടപ്പെട്ട കാര്യമാണ്. രണ്ട് കാര്യങ്ങളിൽ ഒന്ന് തിരഞ്ഞെടുക്കുക. തടവുകാരെ തിരികെ വാങ്ങുക അല്ലെങ്കിൽ ധനം കൈപ്പറ്റുക. ഞാൻ ജിഅ്റാനയിൽ അവരെ കാത്തിരുന്നിരുന്നു. യഥാർത്ഥത്തിൽ റസൂലുല്ലാഹ്(സ) ത്വാഇഫിൽ നിന്ന് മടങ്ങിയപ്പോൾ പത്തിലധികം രാത്രികൾ അവർ വന്ന് തങ്ങളുടെ ധനവും തടവുകാരെയും ആവശ്യപ്പെടുമെന്ന് കരുതി കാത്തിരുന്നു. റസൂലുല്ലാഹ്(സ) അവ രണ്ടും തിരികെ നല്കില്ല മറിച്ച് രണ്ടിലൊന്ന് മാത്രമേ നല്കൂ എന്ന് അവർക്ക് നന്നായി മനസ്സിലായപ്പോൾ അവർ പറഞ്ഞു: എങ്കിൽ ഞങ്ങൾ ഞങ്ങളുടെ തടവുകാരെ തന്നെ തിരിച്ചെടുക്കാം.

പിന്നീട് റസൂലുല്ലാഹ്(സ) മുസ്ലീങ്ങളെ അഭിസംബോധന ചെയ്തു. അനുയോജ്യമായ വിധത്തിൽ അല്ലാഹുവിനെ സ്തുതിച്ചു. പിന്നീട് അദ്ദേഹം പറഞ്ഞു: നിങ്ങളുടെ ഈ സഹോദരങ്ങൾ പശ്ചാത്തപിച്ച് നമ്മുടെ അടുത്ത് വന്നിരിക്കുന്നു. അവരുടെ തടവുകാരെ അവർക്ക് തിരികെ നല്കുന്നത് ഉചിതമായി ഞാൻ കരുതുന്നു. അതിനാൽ നിങ്ങളിൽ ആരെങ്കിലും സന്തോഷത്തോടെ തിരികെ നല്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തിരികെ നല്കട്ടെ. നിങ്ങളിൽ ആരെങ്കിലും തന്റെ വിഹിതത്തിൽ തന്നെ ഉറച്ചുനിൽക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവനും തിരികെ നല്കുക. അല്ലാഹു നമുക്ക് നല്കുന്ന യുദ്ധമുതലിൽ നിന്നും അവനുള്ള വിഹിതം പിന്നീട് നാം അവന് നല്കുന്നതാണ്. ആളുകൾ പറഞ്ഞു: റസൂലുല്ലാഹ്(സ)ക്ക് വേണ്ടി ഞങ്ങൾ സന്തോഷത്തോടെ ഈ തടവുകാരെ വെറുതെ നല്കിയിരിക്കുന്നു. ഞങ്ങൾക്ക് വിഹിതത്തിന്റെ ആവശ്യമില്ല. റസൂലുല്ലാഹ്(സ) പറഞ്ഞു: നിങ്ങളിൽ ആരെല്ലാമാണ് ഇതിന് അനുവാദം നല്കിയതെന്നും ആരെല്ലാമാണ് നല്കാത്തതെന്നും നമുക്കറിയില്ല. നിങ്ങൾ മടങ്ങിപ്പോകുക. നിങ്ങളുടെ നേതാക്കൾ നിങ്ങളുടെ തീരുമാനം നമ്മുടെ മുന്നിൽ അവതരിപ്പിക്കട്ടെ. ഇതിൽ ആളുകൾ തിരികെ പോയി. ഇവിടെ അദ്ദേഹം വലിയ സൂക്ഷ്മത കാണിച്ചു. നിങ്ങളുടെ നേതാക്കളെ അയക്കുക, നിങ്ങൾ ശരിക്കും തടവുകാരെ തിരികെ നല്കുന്നുണ്ടോ എന്ന് അവരിലൂടെ അറിയിക്കുക എന്ന് പറഞ്ഞു.

അവരുടെ നേതാക്കൾ അവരുമായി സംസാരിച്ചു, പിന്നീട് അവർ റസൂലുല്ലാഹി സ്വല്ലല്ലാഹു അലൈഹി വസല്ലമയുടെ അടുത്ത് മടങ്ങിവന്ന് **എല്ലാവരും സന്തോഷത്തോടെ സമ്മതിക്കുകയും തടവുകാരെ തിരികെ നല്കാൻ അനുവാദം നല്കുകയും ചെയ്തിട്ടുണ്ടെന്ന് അദ്ദേഹത്തെ അറിയിച്ചു. അങ്ങനെ റസൂലുല്ലാഹ്(സ) ഒരു പ്രതിഫലവുമില്ലാതെ ഹവാസിൻ തടവുകാരെ സ്വതന്ത്രരാക്കി.**

*(സഹീഹ് ബുഖാരി, കിതാബുൽ വകാലഃ, ബാബു ഇദാ വഹബ ശൈഅൻ ലി വകീൽ... ഹദീസ് നമ്പർ 2307–2308, വാള്യം 4, പേജ് 292 294, നസാറത്ത് ഇശാഅത്ത്)*

**അവരെ വെറുതെ സ്വതന്ത്രരാക്കുക മാത്രമല്ല ചെയ്തത്, അവർക്ക് പുതുവസ്ത്രങ്ങളും നല്കി. വസ്ത്രങ്ങൾ വാങ്ങാനായി അദ്ദേഹം ഒരു സ്വഹാബിയെ പ്രത്യേകം മക്കയിലേക്ക് അയച്ചു. അദ്ദേഹം**

فَلَا يَخْرُجُ الْحُرُّ مِنْهُمْ إِلَّا كَاسِيًا

**അതായത് അവരിൽ നിന്ന് സ്വതന്ത്രരാകുന്നവരാരും വസ്ത്രമില്ലാതെ പോകരുത് എന്ന് ശട്ടംകെട്ടി.**

*(അസ്സീറത്തുൽ ഹലബിയ്യ, വാള്യം 03, പേജ് 181, ദാറുൽ കുതുബിൽ ഇൽമിയ്യ ബൈറൂത്)*

ഹദ്റത്ത് അനസ് ബിൻ മാലിക് വിവരിക്കുന്നു, ഹുനൈൻ യുദ്ധ ദിവസം ആളുകൾ നബി തിരുമേനി(സ)യുടെ അടുത്ത് വന്ന് ആവശ്യങ്ങൾ ഉന്നയിച്ചു. അദ്ദേഹം അവർക്ക് തന്റെ ആടുകളിൽ നിന്നും ഒട്ടകങ്ങളിൽ നിന്നും ധനം നല്കി. ഒന്നും ബാക്കിയായില്ല. പിന്നീട് നബി തിരുമേനി(സ) പറയുന്നു: നിങ്ങൾ എന്താണ് ആഗ്രഹിക്കുന്നത്? ഞാൻ പിശുക്കനായി മാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അല്ലാഹുവാണ! ഞാൻ പിശുക്കനോ ഭീരുവോ നുണ പറയുന്നവനോ അല്ല.

*(സുബുലുൽ ഹുദാ വർറശാദ്, വാള്യം 7, പേജ് 53, ദാറുൽ കുതുബിൽ ഇൽമിയ്യ ബൈറൂത്, 1993)*

ഈ വശത്തിൽ നിന്നും നമുക്ക് കാണാൻ സാധിക്കുന്നത്, **നബി തിരുമേനി(സ)യുടെ ഔദാര്യവും അസ്ഥാനത്തായിരുന്നില്ല എന്നാണ്. അദ്ദേഹം ചോദിക്കുന്നവർക്ക് നല്കുമായിരുന്നു. ഒരിക്കലും നിഷേധിക്കുമായിരുന്നില്ല എന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ ചിലപ്പോൾ നബി തിരുമേനി(സ) ചോദിക്കുന്നവരെ യുക്തിപൂർവ്വം തടയുകയും ചെയ്തിട്ടുണ്ട്. അതിന്റെ പിറകിൽ പല താത്പര്യങ്ങളും പ്രവർത്തിച്ചിരുന്നു.**

ഉദാഹരണത്തിന്, ഒരിക്കൽ നബി തിരുമേനി(സ) ധനം വിതരണം ചെയ്യുകയും ആളുകൾക്ക് നല്കിക്കൊണ്ടിരിക്കുകയും ചെയ്യുകയായിരുന്നു. അപ്പോൾ ഒരു വ്യക്തിയെ അവഗണിക്കുകയും അവന് ഒന്നും നല്കാതിരിക്കുകയും ചെയ്തു. ഹദ്റത്ത് സഅ്ദ് ബിൻ വഖാസ് വിവരിക്കുന്നു, ആ വ്യക്തി എനിക്ക് മറ്റ് ആളുകളെക്കാൾ കൂടുതൽ പ്രിയപ്പെട്ടവനായിരുന്നു. മറ്റുള്ളവർക്ക് പകരം അവന് ലഭിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു, അതിനാൽ ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, താങ്കൾ ഇന്നയാളെ എന്തുകൊണ്ട് ഒഴിവാക്കി. അല്ലാഹുവാണ! ഞാൻ അവനെ ഒരു മുഅ്മിനായി (വിശ്വാസിയായി) കണക്കാക്കുന്നു. നബി തിരുമേനി(സ) പറഞ്ഞു: അതോ മുസ്ലിമായോ?

ഹദ്റത്ത് സഅ്ദ് പറയുന്നു, ഞാൻ അതിൽ അല്പനേരം നിശബ്ദനായി, പിന്നീട് അവനെക്കുറിച്ച് എനിക്കറിയാമായിരുന്ന കാര്യങ്ങൾ എന്നെ നിർബന്ധിച്ചു. ഞാൻ എന്റെ വാക്ക് ആവർത്തിച്ചു: താങ്കൾ ഇന്നയാളെ ഒഴിവാക്കിയിരിക്കുന്നു, അല്ലാഹുവാണ!, ഞാൻ അവനെ ഒരു മുഅ്മിനായിത്തന്നെ കണക്കാക്കുന്നു. അദ്ദേഹം പറയുന്നു: അതോ മുസ്ലിമായോ? പിന്നീട് അവനെക്കുറിച്ച് എനിക്കറിയാമായിരുന്ന കാര്യങ്ങൾ എന്നെ നിർബന്ധിച്ചു. ഞാൻ എന്റെ വാക്ക് ആവർത്തിച്ചു. നബി തിരുമേനി(സ) അതേ മറുപടി തന്നെ നല്കി.

അതിനുശേഷം നബി തിരുമേനി(സ) പറയുന്നു: **ഹേ സഅ്ദ്, അല്ലാഹു ഒരുവനെ നരകാഗ്നിയിൽ വീഴ്ത്താതിരിക്കാൻ ഞാൻ അയാൾക്ക് നല്കുന്നു. എന്നാൽ (നല്കാത്ത) മറ്റെ വ്യക്തി എനിക്ക് അവനെക്കാൾ പ്രിയപ്പെട്ടവനായിരിക്കും.**

*(സഹീഹ് ബുഖാരി, കിതാബുൽ ഈമാൻ, ബാബു ഇദാ ലം യകുനിൽ ഇസ്ലാം... ഹദീസ് നമ്പർ 27, വാള്യം 1, പേജ് 68–69)*

താങ്കൾ പറയുന്നത് ശരിയാണ്, എന്നാൽ മറ്റു പല താത്പര്യങ്ങളുമുണ്ടാകും. അതുകൊണ്ടാണ് ഞാൻ നല്കുന്നത്. അവരുടെ ഈമാൻ അല്പം ശക്തമാകാൻ വേണ്ടിയാണത്. നേരത്തെ അവതരിപ്പിച്ച പല ഉദാഹരണങ്ങളും പോലെ ചില ആളുകൾ സമ്മാനങ്ങൾ വാങ്ങിയോ ഭൗതിക നേട്ടങ്ങൾ എടുത്തോ മാത്രമാണ് തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നത്.

ഹദ്റത്ത് സൈനുൽ ആബിദീൻ സയ്യിദ് വലിയുല്ലാഹ് ശാഹ് സാഹിബ് 'മുഅ്മിനൻ ഔ മുസ്ലിമൻ' (വിശ്വാസിയോ മുസ്ലിമോ) എന്നതിന്റെ വിശദീകരണത്തിൽ എഴുതുന്നു, ഇമാം ബുഖാരി ഇതിൽ കൊണ്ടുവന്നിട്ടുള്ള ഹദീസിലൂടെ അദ്ദേഹം ഈമാനും ഇസ്ലാമും തമ്മിലുള്ള യഥാർഥ വ്യത്യാസം വ്യക്തമാക്കിയിരിക്കുന്നു. അതായത് ഈമാൻ ആന്തരിക അവസ്ഥയുടെ പേരാണ്. അതേസമയം ഇസ്ലാമിന്റെ ബന്ധം ബാഹ്യമായതുമായാണ്. അതിനാൽ നബി തിരുമേനി(സ) മര്യാദ പഠിപ്പിച്ചിരിക്കുന്നു. ആരെക്കുറിച്ചെങ്കിലും സ്വന്തം അഭിപ്രായം പ്രകടിപ്പിക്കുന്നതിൽ സൂക്ഷ്മത പാലിക്കേണ്ടതുണ്ട്. ഉള്ളറിയുന്നത് തീർച്ചയായും അല്ലാഹു മാത്രമാണ്.

നബി തിരുമേനി(സ) ഏത് സ്വഹാബിക്ക് നല്കുന്നത് ഉചിതമല്ലെന്ന് കരുതിയോ അദ്ദേഹം നിഷ്കളങ്കനായ മുഹാജിറായ ഹദ്റത്ത്

ജുഐൽ ബിൻ സുറാഖയായിരുന്നു. നബി തിരുമേനി(സ)ക്കും അദ്ദേഹത്തോട് സ്നേഹമുണ്ടായിരുന്നു. എന്നിട്ടും ഹദ്റത്ത് സഅ്ദ് ആവർത്തിച്ച് നിർബന്ധിച്ചിട്ടും അദ്ദേഹം അവർക്ക് ഈ മര്യാദ പഠിപ്പിക്കുകയും ഈമാനും ഇസ്ലാമും തമ്മിൽ യഥാർത്ഥത്തിലുള്ള ആ വ്യത്യാസം സംരക്ഷിക്കാനുള്ള പാഠം നല്കുകയും ചെയ്തു.

ദുർബലരായ ആളുകളെ; അവർ തങ്ങളുടെ ദൗർബല്യം കാരണം കാലിടറി വീഴാതിരിക്കാൻ വേണ്ടി, പരിഗണിക്കാനുള്ള പാഠം നബി തിരുമേനി(സ) നല്കിയിട്ടുണ്ട് എന്നാണ് ഈ സംഭവത്തിൽ നിന്ന് മനസ്സിലാകുന്നത്. ഒരു ചെറിയ ചെടിക്ക് എത്രമാത്രം സംരക്ഷണം ആവശ്യമുണ്ടോ അത്രമാത്രം വലിയ മരത്തിന് ആവശ്യമില്ല. ആളുകളുടെ ഈമാനെ വീഴ്ചയിൽ നിന്ന് സംരക്ഷിക്കാൻ നബി തിരുമേനി(സ) ചെറിയ കാര്യങ്ങൾ പോലും ശ്രദ്ധിച്ചു.

ഈ കാര്യത്തിൽ ചില അറിവില്ലാത്ത ആളുകൾ വളരെ തെറ്റായ നിലപാടാണ് സ്വീകരിക്കുന്നത്. വീഴാൻ പോകുന്ന ഒരു മനുഷ്യനെ വീഴാൻ കാരണമാകുന്ന എല്ലാ പ്രവൃത്തികളിൽ നിന്നും സംരക്ഷിക്കുന്നതിന് പകരം അവർ തന്നെ അവന്റെ വീഴ്ചക്ക് കാരണമാകുന്നു. കൂടാതെ ഈ ദുർബലരുടെ വിശ്വാസത്തിന്മേൽ പരസ്യമായി ആക്രമണം നടത്തുകയും ചെയ്യുന്നു. ഇത് ചില ആളുകളുടെ ശീലമാണ്. ഇപ്രകാരം അവർക്ക് അവർ കൂടുതൽ ആഘാതം നല്കുന്നു. ദുർബലമായ വിശ്വാസം കൂടുതൽ പിന്നോട്ട് പോകുന്നു. അതിനാൽ ഈ കാര്യം നാം ഓർമ്മിക്കേണ്ടതുണ്ട്.

നബി തിരുമേനി(സ) ഈ കാര്യത്തിൽ എത്രമാത്രം സൂക്ഷ്മത കാണിച്ചിരുന്നുവെന്നാൽ, മറ്റൊരാളുടെ മുന്നിൽ ഒരാളുടെ ഈമാനെ പ്രത്യേകം പ്രശംസിക്കുന്നതിൽ നിന്നും അദ്ദേഹം വിലക്കിയിരുന്നു. ചില സമയങ്ങളിൽ മുഖത്തുനോക്കി പ്രശംസിക്കുന്നത് ആർക്കാണോ പ്രശംസ ലഭിക്കുന്നത് ആ വ്യക്തിക്ക് നഷ്ടത്തിന് കാരണമാകുമെന്നതിൽ ഉപരി ഒരുതരം താരതമ്യത്തിലൂടെ ചിലപ്പോൾ മറ്റൊരാളുടെ വിശ്വാസത്തിനും നിലപാടിനുമെതിരെയുള്ള ആക്രമണമായി അത് മാറുന്നു. നബി തിരുമേനി(സ) ഈ ഒരു സംഭവത്തിൽ നാല് പാഠങ്ങൾ പഠിപ്പിച്ചു. ശാഹ് സാഹിബ് എഴുതുന്നു, ആ നാല് പാഠങ്ങൾ ഇവയാണ്:

* ഇസ്ലാമും ഈമാനും തമ്മിലുള്ള വ്യത്യാസം: ഇസ്ലാം സ്വീകരിക്കുന്നതിലും ഈമാൻ ഉൾക്കൊള്ളുന്നതിലും എന്ത് വ്യത്യാസമുണ്ട് എന്നത്. ഒന്ന് ബാഹ്യമായ കാര്യമാണ്, മറ്റൊന്ന് ഹൃദയത്തിന്റെ കാര്യമാണ്.

* വാക്കുകളുടെ സന്ദർഭോചിതമായ ഉപയോഗം: ഏത് സാഹചര്യത്തിൽ ഏത് വാക്ക് ഉപയോഗിക്കണം എന്നത്.

* മുഅല്ലഫത്തുൽ ഖുലൂബിനെ പരിഗണിക്കുക: അതായത് ഹൃദയങ്ങളെ ഇണക്കുന്നതിന്റെ അടിസ്ഥാനത്തിൽ നോക്കുക, ആർക്കാണ് എന്ത് പ്രയോജനം ലഭിക്കുക എന്നത്.

* ചിന്തിക്കാതെയും മനസ്സിലാക്കാതെയും ഒരാളെ പ്രശംസിക്കാതിരിക്കുക: മറ്റുള്ളവരുടെ വിശ്വാസത്തിനോ നിലപാടിനോ കോട്ടം തട്ടുന്ന രീതിയിൽ ചിന്തിക്കാതെ പ്രശംസിക്കാതിരിക്കുക.

**നബി തിരുമേനി(സ)യുടെ ജീവിതത്തിലെ ഓരോ സംഭവവും യുക്തിയുടെയും സംസ്കരണത്തിന്റെയും ഖജനാവാണ്.**

*(സഹീഹ് ബുഖാരി, വാല്യം 1, പേജ് 70, നസാറത്ത് ഇശാഅത്ത്)*

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) **നബി തിരുമേനി(സ)യുടെ ഉത്തമ സ്വഭാവങ്ങളെക്കുറിച്ച് വിവരിച്ചുകൊണ്ട് പ്രസ്താവിക്കുന്നു: അവയിൽ പൂർണമായ തോതിലുള്ള മിതത്വം കാണപ്പെട്ടിരുന്നു. ഓരോ സ്വഭാവവും അതതിന്റെ സ്ഥാനത്തും അവസരത്തിലും വെളിപ്പെട്ടുമായിരുന്നു. ഈ ഉത്തമ സ്വഭാവങ്ങളിൽ നബി തിരുമേനി(സ)യുടെ ഔദാര്യവും സന്ദർഭോചിതമായിരുന്നു. അവസരത്തിനും സ്ഥാനത്തിനുമനുസരിച്ചായിരുന്നു. കൂടാതെ ത്യാഗവും സന്ദർഭോചിതമായിരുന്നു. കാരുണ്യവും സന്ദർഭോചിതമായിരുന്നു.**

*(ബറാഹീൻ അഹ്മദിയ്യ, ഭാഗം 3, റൂഹാനി ഖസാഇൻ, വാല്യം 01, പേജ് 194, 195)*

**നബി തിരുമേനി(സ)യുടെ ഔദാര്യത്തിന്റെ എണ്ണമറ്റ സംഭവങ്ങളുണ്ട്. അവയിൽത്തന്നെ നബി തിരുമേനി(സ)യുടെ സ്വഭാവത്തിന്റെ മറ്റ് വശങ്ങളും നാം കാണുന്നു.**

ചുരുക്കത്തിൽ നബി തിരുമേനി(സ)യുടെ അധ്യാപനം എത്രത്തോളം സന്തുലിതമാണോ നബി തിരുമേനി(സ)യുടെ ഓരോ പ്രവൃത്തിയും അതിനനുസരിച്ച് സന്തുലിതമായിരുന്നു. അല്ലാഹു നമുക്കും നബി തിരുമേനി(സ)യുടെ ജീവിതചര്യയുടെ ഓരോ വശവും ചിന്താവിധേയമാക്കാനും പ്രാവർത്തികമാക്കാനുമുള്ള സൗഭാഗ്യം നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മാതൃകകൾ പിന്തുടരാൻ ശ്രമിച്ചുകൊണ്ട് നമ്മുടെ ജീവിതങ്ങളെ അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് നയിക്കുന്നവരായി നാം മാറട്ടെ.

(അനാസ്. പി.കെ)

പേജ് 1 ൽ നിന്ന്

നടക്കരുത്. സൂക്ഷ്മത കൈക്കൊള്ളുന്നതിലൂടെ ചോദിക്കുന്നതെന്തും ലഭിക്കും. അല്ലാഹു കരുണാമയനും ഔദാര്യവാനുമാണ്. സൂക്ഷ്മത പാലിക്കുക, ആഗ്രഹിക്കുന്നതെന്തും അവൻ നല്കും.

*(മൽഫൂസാത്ത് ഭാഗം: 3, പേജ്: 90, പതിപ്പ് 2003)*

പേജ് 2 ൽ നിന്ന്

അവ താഴെ കൊടുത്തിരിക്കുന്നു.

*എന്റെ കൂടെ ബന്ധം പുലർത്തുന്നുണ്ടെങ്കിൽ എന്റെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും നിറവേറ്റുക.

* സത്യവാദികളുടെ സംഘം നിങ്ങൾ തന്നെയാണ് എന്ന് സ്വകർമങ്ങളാൽ തെളിയിക്കുക.

*പുതിയ ജീവിതം നയിക്കുന്ന മനുഷ്യരായിത്തീരുക.

അവസാനം ഹുസൂർ അൻവർ (അയ്യദഹുല്ലാഹു) ലോകത്തിനുവേണ്ടിയും മുസ്ലിം സമുദായത്തിനുവേണ്ടിയും ദുആ ചെയ്യാൻ ആഹ്വാനം ചെയ്തുകൊണ്ട് പറഞ്ഞു: ഈ ദിവസങ്ങളിൽ പ്രത്യേകം ലോകത്തിനുവേണ്ടിയും മുസ്ലിം സമുദായത്തിനുവേണ്ടിയും ദുആ ചെയ്യുക. ലോകം ഏതൊരു യുദ്ധത്തിലേക്കാണോ നീങ്ങിക്കൊണ്ടിരിക്കുന്നത്, അല്ലാഹു അതിൽ നിന്നും ലോകത്തെ കാത്തുരക്ഷിക്കട്ടെ. നമ്മൾ ഇസ്ലാമിന്റെ വെന്നിക്കൊടി ലോകമെമ്പാടും ഉയർത്തുന്നവർ ആയിത്തീരട്ടെ.

തദനന്തരം ഹുസൂർ അൻവർ മൗനപ്രാർഥനയ്ക്ക് നേതൃത്വം വഹിക്കുകയും പരിപാടിക്ക് പരിസമാപ്തി കുറിക്കുകയും ചെയ്തു.

അല്ലാഹു തആലാ നമ്മൾ എല്ലാവർക്കും ഹുസൂർ അൻവറിന്റെ നിർദ്ദേശങ്ങൾ കേൾക്കാനും മനസ്സിലാക്കാനും അവ പ്രവൃത്തി പഥത്തിൽ കൊണ്ടുവരാനുമുള്ള തൗഫീഖ് നല്കി അനുഗ്രഹിക്കട്ടെ. ആമീൻ

(കടപ്പാട്: അൽഫള്ൽ ഇന്റർനാഷണൽ)

## ജമാഅത്തുകളുടെ ശ്രദ്ധക്ക്!

ജമാഅത്തുകളിൽ നടക്കുന്ന പരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ടും നല്ല ക്ലാരിറ്റിയുള്ള ഫോട്ടോയും ബദർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുതിനായി താഴെ ചേർക്കുന്ന ഇ മെയിൽ അഡ്രസ്സിൽ അയക്കുക. ഒന്നിലേറെ ഫോട്ടോകൾ ചേർത്തുവെച്ച് പിഡിഎഫ് ആക്കി അയച്ചാൽ പ്രസിദ്ധീകരിക്കുന്നതല്ല. നല്ല ക്ലാരിറ്റിയുള്ള ഒന്നോ രണ്ടോ ഫോട്ടോകൾ മാത്രം അയക്കുക. ക്ലാരിറ്റി കുറഞ്ഞ ഫോട്ടോകളും സ്രിദ്ധീകരിക്കാൻ സാധിക്കുന്നതല്ല.

badrqadian@gmail.com

(പത്രാധിപർ)


• ഹദീഥുന്നബ്വി ﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

(ബുഖാരി 23:77)

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്വി ﷺ •

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ

**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)

## സീറത്തുൽ മഹ്ദി(അ)

വിവ: അബൂ അർഹം

(41) ബിസ്മില്ലാഹിർറഹ്മാനിർറഹീം. ഹദ്റത്ത് വാലിദ സാഹിബ (ഉമ്മ) എന്നോട് പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് തുടക്കം മുതൽ തന്നെ മിർസാ ഫസൽ അഹ്മദിന്റെ മാതാവിനോട് -അവരെ ആളുകൾ പൊതുവെ 'ഫജേയുടെ ഉമ്മ' എന്ന് വിളിച്ചിരുന്നു- ഒരു തരം അകൽച്ചയുണ്ടായിരുന്നു. കാരണം, ഹദ്റത്ത് സാഹിബിന്റെ ബന്ധുക്കൾക്ക് മതത്തോട് കടുത്ത താത്പര്യക്കുറവുണ്ടായിരുന്നു. അവരുടെ ചായ്‌വ് ആ ഭാഗത്തേക്കായിരുന്നു, അവരും അതേ പ്രകൃതക്കാരി ആയിരുന്നു. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അവരുമായുള്ള ദാമ്പത്യബന്ധം ഉപേക്ഷിച്ചിരുന്നു. എങ്കിലും അവരുടെ ചെലവുകൾ തുടങ്ങിയവ അദ്ദേഹം കൃത്യമായി നല്കിക്കൊണ്ടിരുന്നു.

വാലിദ സാഹിബ പറഞ്ഞു: എന്റെ വിവാഹത്തിന് ശേഷം ഹദ്റത്ത് സാഹിബ് അവരിലേക്ക് ഒരാളെ വിട്ട് ഇപ്രകാരം സന്ദേശം അയച്ചു: ഇന്നുവരെ കാര്യങ്ങൾ എങ്ങനെയൊക്കെയോ മുന്നോട്ടുപോയി. ഇപ്പോൾ ഞാൻ രണ്ടാമതൊരു വിവാഹം കഴിച്ചിരിക്കുന്നു. അതിനാൽ ഇനി രണ്ട് ഭാര്യമാർക്കിടയിലും തുല്യത പാലിച്ചില്ലെങ്കിൽ ഞാൻ കുറ്റക്കാരനായിത്തീരും. അതുകൊണ്ട് ഇനി മുന്നിൽ രണ്ട് കാര്യങ്ങളാണുള്ളത്; ഒന്നുകിൽ നിങ്ങൾ എന്നിൽ നിന്ന് തലാഖ് (വിവാഹമോചനം) സ്വീകരിക്കുക, അല്ലെങ്കിൽ സ്വന്തം അവകാശങ്ങൾ വേണ്ടെന്നു വയ്ക്കുക. ഞാൻ നിങ്ങൾക്ക് ചെലവ് തന്നുകൊണ്ടിരിക്കാം. അവർ മറുപടി അയച്ചു: ഈ വാർദ്ധക്യകാലത്ത് ഞാൻ ഇനി എന്തിനാണ് തലാഖ് സ്വീകരിക്കുന്നത്? എനിക്ക് ചെലവ് കിട്ടിക്കൊണ്ടിരുന്നാൽ മതി. എന്റെ ബാക്കി അവകാശങ്ങൾ ഞാൻ വിട്ടിരിക്കുന്നു.

വാലിദ സാഹിബ പറയുന്നു: അങ്ങനെ പിന്നീട് അതുപോലെതന്നെ നടന്നുകൊണ്ടിരുന്നു. ഒടുവിൽ മുഹമ്മദീ ബീഗത്തിന്റെ വിഷയം ഉയർന്നുവരുകയും, ഹദ്റത്ത് സാഹിബിന്റെ ബന്ധുക്കൾ എതിർക്കുകയും ചെയ്തുകൊണ്ട് മുഹമ്മദീ ബീഗത്തിന്റെ വിവാഹം മറ്റൊരിടത്ത് നടത്തിക്കൊടുക്കുകയും ചെയ്തു. എന്നാൽ ഫസൽ അഹ്മദിന്റെ മാതാവ് അദ്ദേഹവുമായുള്ള ബന്ധം വിച്ഛേദിക്കാതെ, അദ്ദേഹത്തോടൊപ്പം തന്നെ നിന്നു. അപ്പോൾ ഹദ്റത്ത് സാഹിബ് അവർക്ക് തലാഖ് നല്കി.

ഈ വിനീതൻ (രചയിതാവ്) പറയുന്നു: ഹദ്റത്ത് സാഹിബ് അവർക്ക് ഈ തലാഖ് നല്കിയത്, 1891 മെയ് 2-ന് അദ്ദേഹം പ്രസിദ്ധീകരിച്ച ആ പരസ്യത്തിന് അനുസൃതമായാണ്. 'ഇശ്തിഹാർ നുസ്റത്തുദ്ദീൻ വ ഖത്വു തഅല്ലുഖ് അസ് അഖാരിബ് മുഖാലിഫിദ്ദീൻ' (മതത്തിന്റെ സഹായത്തിനായുള്ള പരസ്യവും മതവിരുദ്ധരായ ബന്ധുക്കളുമായുള്ള ബന്ധം വിച്ഛേദിക്കലും) എന്നതായിരുന്നു അതിന്റെ തലക്കെട്ട്. മിർസാ സുൽത്താൻ അഹ്മദും അവരുടെ മാതാവും ഈ കാര്യത്തിലെ എതിർപ്പ് നിറഞ്ഞ ശ്രമങ്ങളിൽ നിന്ന് പിന്മാറിയില്ലെങ്കിൽ, ഹദ്റത്ത് സാഹിബിന്റെ ഭാഗത്തുനിന്ന് മിർസാ സുൽത്താൻ അഹ്മദ് സ്വത്തുക്കളിൽ നിന്ന് പുറത്താക്കപ്പെടുകയും അവകാശങ്ങളിൽ നിന്ന് തടയപ്പെടുകയും ചെയ്യുമെന്നും, അവരുടെ മാതാവിന് ഹദ്റത്ത് സാഹിബിന്റെ ഭാഗത്തുനിന്ന് തലാഖ് ലഭിക്കുമെന്നും അദ്ദേഹം അതിൽ വ്യക്തമാക്കിയിരുന്നു.

വാലിദ സാഹിബ പറഞ്ഞിരുന്നു: ആ സമയത്ത് ഫസൽ അഹ്മദ് സ്വയം പുറത്താക്കപ്പെടലിൽ നിന്ന് രക്ഷപ്പെട്ടു. കൂടാതെ വാലിദ സാഹിബ പറഞ്ഞു: ഈ സംഭവത്തിന് ശേഷം ഒരിക്കൽ സുൽത്താൻ അഹ്മദിന്റെ മാതാവ് രോഗിണിയായിത്തീർന്നു. ഹദ്റത്ത് സാഹിബിന്റെ ഭാഗത്തുനിന്ന് എനിക്ക് അനുവാദമുണ്ടായിരുന്നതിനാൽ അവരെ കാണാൻ ഞാൻ പോയി. തിരിച്ചുവന്നതിനു ശേഷം ഞാൻ ഹദ്റത്ത് സാഹിബിനോട് പറഞ്ഞു: ഫജേയുടെ ഉമ്മ രോഗിയാണ്, അവൾക്ക് ഇന്ന ബുദ്ധിമുട്ടുമൊക്കെയുണ്ട്. അദ്ദേഹം മൗനം പാലിച്ചു. ഞാൻ രണ്ടാം തവണയും പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ നിനക്ക് രണ്ട് ഗുളികകൾ തരാം, ഇത് ചെന്ന് കൊടുക്കുക; എന്നാൽ നിന്റെ സ്വന്തം വകയായി കൊടുക്കണം, എന്റെ പേര് പറയരുത്.

വാലിദ സാഹിബ പറഞ്ഞിരുന്നു: മറ്റ് ചില അവസരങ്ങളിലും ഹദ്റത്ത് സാഹിബ് സൂചനയായും വ്യംഗ്യമായും എന്നോട് വ്യക്തമാക്കിയിരുന്നു, ഹദ്റത്ത് സാഹിബിന്റെ പേര് ഇടയിൽ വരാത്ത രീതിയിൽ എന്റെ സ്വന്തം വകയായി ഞാൻ എപ്പോഴെങ്കിലും വല്ല സഹായവും ചെയ്തു കൊടുക്കാറുണ്ടായിരുന്നു. അങ്ങനെ ഞാൻ ചെയ്തു കൊടുക്കാറുമുണ്ട്.

(42) ബിസ്മില്ലാഹിർറഹ്മാനിർറഹീം. ശൈഖ് അബ്ദുർറഹ്മാൻ സാഹിബ് മിസ്രി എന്നോട് പറഞ്ഞു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ളുഹർ നിസ്കാരത്തിന് ശേഷം പള്ളിയിൽ ഇരിക്കുകയുണ്ടായി. ആ ദിവസങ്ങളിൽ ശൈഖ് സഅ്ദുല്ലാഹ് ലുധിയാനവിയെക്കുറിച്ച് അദ്ദേഹം ഇപ്രകാരം എഴുതിയിരുന്നു; അവൻ വംശനാശം സംഭവിച്ചവനായിരിക്കും. അവന് നിലവിലുള്ള മകൻ ആണത്തമില്ലാത്തവനാണ്, അതായത് അവന്റെ സന്താനപരമ്പര മുന്നോട്ട് പോകുകയില്ല. (ഈ വിനീതൻ പറയുന്നു: സഅ്ദുല്ലാഹ് കടുത്ത ശത്രുവും ഹദ്റത്ത് മസീഹിനെതിരെ വളരെ മോശമായ രീതിയിൽ സംസാരിക്കുന്നവനുമായിരുന്നു). എന്നാൽ അദ്ദേഹത്തിന്റെ ഈ എഴുത്ത് അപ്പോഴും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നില്ല.

ആ സമയത്ത് മൗലവി മുഹമ്മദ് അലി സാഹിബ് അദ്ദേഹത്തോട് പറഞ്ഞു: ഇപ്രകാരം എഴുതുന്നത് നിയമത്തിന് എതിരാണ്. അദ്ദേഹത്തിന്റെ മകൻ കേസ് ഫയൽ ചെയ്യുകയാണെങ്കിൽ, അവൻ യഥാർഥത്തിൽ ആണത്തമില്ലാത്തവനാണെന്നതിന് എന്ത് തെളിവാണ് നല്കാൻ കഴിയുക? ഹദ്റത്ത് സാഹിബ് ആദ്യം സൗമ്യതയോടെ അനുയോജ്യമായ രീതിയിൽ മറുപടി നല്കിക്കൊണ്ടിരുന്നു. എന്നാൽ മൗലവി മുഹമ്മദ് അലി സാഹിബ് ആവർത്തിച്ച് ചോദിക്കുകയും തന്റെ അഭിപ്രായത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് സാഹിബിന്റെ മുഖം ചുവന്നുതുടുത്തു. തുടർന്ന് അദ്ദേഹം ദേഷ്യത്തോടെയുള്ള സ്വരത്തിൽ പറഞ്ഞു: 'ഒരു നബി ആയുധമെടുത്ത് മുന്നോട്ടുവന്നാൽ പിന്നെ അത് താഴെ വയ്ക്കുകയില്ല.'

(43) ബിസ്മില്ലാഹിർറഹ്മാനിർറഹീം. ഹദ്റത്ത് വാലിദ സാഹിബ എന്നോട് പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇങ്ങനെ പറയുമായിരുന്നു: ഞങ്ങളുടെ വന്ദ്യപിതാവ് തുടക്കത്തിൽ പഠനത്തിനായി പുറത്തുപോയപ്പോൾ -ഒരുപക്ഷേ ഡൽഹിയുടെ കാര്യമായിരിക്കാം- അദ്ദേഹം ഒരു പള്ളിയിൽ താമസിക്കുകയായിരുന്നു. യാത്രാച്ചെലവിനുള്ള പണം തീർന്നുപോയതുകൊണ്ട് പല നേരങ്ങളിലും പട്ടിണി കിടക്കേണ്ടിവന്നു. ഒടുവിൽ ആരോ അദ്ദേഹത്തെ ഒരു വിദ്യാർത്ഥിയായി കരുതി ഒരു റൊട്ടി നല്കി. അത് പഴകിയതുകൊണ്ട് ഉണങ്ങി വളരെ കട്ടിയുള്ളതായി മാറിയിരുന്നു. വന്ദ്യപിതാവ് അത് വാങ്ങി, എന്നാൽ അത് കഴിച്ചിരുന്നില്ല. അപ്പോൾ ഖാദിയാനിൽ നിന്നുള്ള അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന ഒരു വ്യക്തി -അയാളും അതുപോലെ പട്ടിണിയായിരുന്നു- പറഞ്ഞു: 'മിർസാ ജി ഞങ്ങളുടെ കാര്യവും ഒന്ന് ശ്രദ്ധിക്കണേ.'

ഹദ്റത്ത് സാഹിബ് പറയുമായിരുന്നു: അപ്പോൾ വാലിദ് സാഹിബ് ആ റൊട്ടി അയാളുടെ നേരെ എറിഞ്ഞു. അത് അയാളുടെ നാക്കിന് മുകളിൽ കൊള്ളുകയും, കൊണ്ട ഉടനെ അവിടെനിന്ന് ചോരച്ചാല് ഒഴുകുകയും ചെയ്തു.

ഈ വിനീതൻ പറയുന്നു: കൂടെയുണ്ടായിരുന്ന ആ വ്യക്തി ഖാദിയാനിൽ നിന്നുള്ള ഏതെങ്കിലും ഒരു മുഗൾ ആയിരുന്നുവെന്നാണ് വാലിദ സാഹിബ വിവരിച്ചത്. എന്നാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ വിവരിക്കുന്നത് ഞാൻ ഹദ്റത്ത് സാഹിബിൽ നിന്ന് കേട്ടിട്ടുണ്ട്, അയാൾ ഏതോ ഒരു ക്ഷുരകനോ പാണനോ ആയിരുന്നു. അതിനാൽ ഹദ്റത്ത് സാഹിബ് ഒരു തമാശയായി വിവരിക്കാറുണ്ടായിരുന്നു: ഇത്തരം സന്ദർഭങ്ങളിൽ പോലും ഈ ആളുകൾക്ക് തമാശയുള്ള കാര്യങ്ങൾ മാത്രമേ ഓർമ്മവരികയുള്ളൂ.

**• ഹദീഥുന്നബവി ﷺ •**

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

## ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ പര്യടന റിപ്പോർട്ടും കൂടിക്കാഴ്ചയും

(വിവ: കെ താഹിർ അഹ്മദ്)

**നല്ലൊരു അഹ്മദി മുസ്ലിമായി മാറാൻ എങ്ങനെ സാധിക്കും എന്ന് ഒരു കുട്ടി ഹുസൂറിനോട് മാർഗനിർദ്ദേശം തേടി.**

അതിന് മറുപടിയായി പറഞ്ഞു, ദൈവവുമായി അടുത്ത ബന്ധം സ്ഥാപിക്കുക, ആത്മാർത്ഥതയോടെ പ്രാർത്ഥനകൾ അർപ്പിക്കുക, നല്ലൊരു മുസ്ലിമാകാൻ അല്ലാഹുവിനോട് നേരായ വഴി യാചിക്കുക എന്നീ മുൻപ് നൽകിയ ഉപദേശങ്ങൾ അവിടുന്ന് ആവർത്തിച്ചു. കൂടാതെ, ആത്മാർത്ഥതയോടെ നടത്തുന്ന പ്രാർത്ഥനകൾ അല്ലാഹു തീർച്ചയായും കേൾക്കുമെന്ന് കുട്ടിയെ അവിടുന്ന് ആശ്വസിപ്പിച്ചു.

അല്ലാഹു എല്ലാ അധികാരങ്ങളുടെയും ഉടമയായിരിക്കെ അവന് മലക്കുകളുടെ ആവശ്യമെന്താണ് എന്ന് മറ്റൊരു കുട്ടി ചോദിക്കുകയുണ്ടായി.

അല്ലാഹു സകല അധികാരങ്ങളുടെയും ഉടമയാണെങ്കിലും, മലക്കുകൾ വിവിധ ചുമതലകൾ നിർവ്വഹിക്കുന്ന ഒരു വ്യവസ്ഥ അവൻ സ്ഥാപിച്ചിട്ടുണ്ടെന്ന് അവിടുന്ന് വ്യക്തമാക്കി. പൂർണ്ണ അധികാരമുണ്ടായിരുന്നിട്ടും മന്ത്രിമാർക്ക് വിവിധ ഉത്തരവാദിത്തങ്ങൾ വീതിച്ചുനൽകുന്ന ഒരു രാജാവിന്റെ ഉപമ അവിടുന്ന് നൽകി. അതുപോലെ അല്ലാഹു തന്റെ കല്പനകൾ നടപ്പിലാക്കാനും സന്ദേശങ്ങൾ എത്തിക്കാനും മലക്കുകളെയും പ്രവാചകന്മാരെയും സൃഷ്ടിച്ചിരിക്കുന്നു. എന്നാൽ അവൻ അശക്തനാണെന്നോ മലക്കുകളുടെ സഹായമില്ലാതെ പ്രവർത്തിക്കാൻ കഴിയില്ലെന്നോ ഇതിനർത്ഥമില്ല. അവന് നേരിട്ടും പ്രവർത്തിക്കാം, എങ്കിലും അവൻ ഒരു വ്യവസ്ഥ സ്ഥാപിച്ചിരിക്കുന്നു. മനുഷ്യരും ഇത്തരം വ്യവസ്ഥകളെ പിന്തുടരുന്നുണ്ട്; അതുകൊണ്ടാണ് നമുക്ക് ക്യാബിനറ്റും പാർലമെന്റും സംഘടനാ സംവിധാനങ്ങളുമുള്ളത്. ഇതുപോലെ തന്നെയാണ് അല്ലാഹു മലക്കുകളുടെയും പ്രവാചകന്മാരുടെയും സംവിധാനം സൃഷ്ടിച്ചിരിക്കുന്നത്. (തുടരും)


പേജ് 12ൽ നിന്ന്

| | | | |
|---|---|---|---|
| 3 | സീറത്ത് ഇബ്നു ഇസ്ഹാഖ് | മുഹമ്മദ് ബിൻ ഇസ്ഹാഖ് (വഫാത്ത്: ഹിജ്റ 151) | ഇമാം സുഹ്‌രിയുടെ ശിഷ്യന്മാരിൽ ഒരാളായിരുന്നു ഇബ്നു ഇസ്ഹാഖും. നബിചരിത്രങ്ങളുടെ രംഗത്ത് അദ്ദേഹം വലിയ ആദരവ് അർഹിക്കുന്നുണ്ട്. നബിചരിത്രങ്ങളുടെയും മഗാസിയുടെയും രംഗത്ത് അദ്ദേഹത്തിന്റെ പുസ്തകം ഒരു അടിസ്ഥാനമായി കണക്കാക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന് ശേഷമുള്ള ഭൂരിഭാഗം ചരിത്രകാരന്മാരും അദ്ദേഹത്തിന്റെ ഈ അടിസ്ഥാനത്തിൽ നിന്നാണ് പ്രയോജനം നേടിയിട്ടുള്ളത്. അദ്ദേഹത്തിന്റെ വിശ്വസ്തതയിൽ ചിലർ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്; എങ്കിലും, ഈ ധാരണ തെറ്റാണ്. അദ്ദേഹത്തിന്റെ സ്വാഭാവിക ചായ്‌വ് നബിചരിത്രങ്ങളോട് കൂടിയായിരുന്നതിനാൽ, അദ്ദേഹം ഹദീസിന്റെ കഠിനമായ മാനദണ്ഡം പൂർത്തീകരിക്കുന്നില്ല. കൃത്യം ഈ കാരണം കൊണ്ടാണ് ഇമാം ബുഖാരി ഹദീസിൽ അദ്ദേഹത്തിന്റെ നിവേദനങ്ങൾ സ്വീകരിക്കാത്തത്, എന്നാൽ നബിചരിത്രങ്ങളിൽ യാതൊരു മടിയും കൂടാതെ അദ്ദേഹം അവ സ്വീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പുസ്തകം എളുപ്പത്തിൽ ലഭ്യവുമല്ല. എങ്കിലും, അദ്ദേഹത്തിന്റെ കൃതിയുടെ വലിയൊരു ഭാഗം സീറത്ത് ഇബ്നു ഹിശാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, അതിനാൽ യഥാർത്ഥ പുസ്തകത്തിന്റെ ആവശ്യമില്ല.ഹദീഥിനെക്കുറിച്ചുള്ള ചർച്ച അവസാനിപ്പിക്കുന്നതിന് മുമ്പ്, സുന്നത്തിനെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് നല്കുന്നത് അനുചിതമായിരിക്കില്ല. ഹദീഥും സുന്നത്തും ഒന്നാണെന്ന വിശ്വാസം തീർത്തും തെറ്റാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. വാസ്തവത്തിൽ, ഹദീഥും സുന്നത്തും രണ്ടും രണ്ട് വ്യത്യസ്ത കാര്യങ്ങളാണ്. തിരുനബി(സ)യുടെ വാക്കുകളോ പ്രവൃത്തികളോ അടങ്ങിയ വചനപരമായ വിവരണങ്ങളെയാണ് ഹദീഥ് എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ഇവ സ്വഹാബികളിൽ നിന്ന് താബിഈങ്ങളിലേക്കും, താബിഈങ്ങളിൽ നിന്ന് തബഅ താബിഈങ്ങളിലേക്കും, തുടർന്ന് വരുംതലമുറകളിലേക്കും കൈമാറ്റം ചെയ്യപ്പെടുകയും, ഹദീഥ് പണ്ഡിതന്മാർ ആഴത്തിലുള്ള അന്വേഷണങ്ങൾക്കും ഗഹനമായ ചിന്തകൾക്കും ശേഷം കൃത്യമായ പുസ്തകരൂപത്തിൽ ക്രോഡീകരിക്കുകയും ചെയ്തു.മറുവശത്ത്, തിരുനബി(സ)യുടെ പ്രവൃത്തികളെ അഥവാ കർമ്മങ്ങളെയാണ് സുന്നത്ത് എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ഇവ വചനപരമായ വിവരണങ്ങളിലൂടെയല്ല, മറിച്ച് തലമുറകളായി മുസ്‌ലീങ്ങളുടെ ഏകീകൃതമായ കർമ്മങ്ങളിലൂടെയാണ് കൈമാറ്റം ചെയ്യപ്പെട്ടത്. ഈ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രക്രിയ തുടർന്നുപോന്നത്. ഉദാഹരണത്തിന്, നമസ്കാരം നിർവഹിക്കാനുള്ള കൽപന വിശുദ്ധ ഖുർആനിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് തിരുനബി(സ) വചനപരമായ വിശദീകരണമോ നിർദേശമോ നല്കിയോ ഇല്ലയോ എന്നത് പരിഗണിക്കാതെ തന്നെ, ഈ കൽപനയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ തിരുനബി(സ) തന്റെ സ്വഹാബികൾക്ക് മുമ്പാകെ പ്രവൃത്തിയിലൂടെ കാണിച്ചുകൊടുത്തു. തന്റെ ജീവിതത്തിലുടനീളം തിരുനബി(സ) ആവർത്തിച്ച് ഈ കർമ്മം നിർവഹിക്കുകയും, അങ്ങനെ അത് തന്റെ സ്വഹാബികളിൽ ഉറപ്പിക്കുകയും ചെയ്തു. കൂടാതെ, സ്വന്തം മേൽനോട്ടത്തിൽ, നമസ്കാരത്തിന്റെ ശരിയായ രീതികളും കർമ്മങ്ങളും സ്വഹാബികളെ അദ്ദേഹം കൃത്യമായി പഠിപ്പിച്ചു. തത്ഫലമായി, തിരുനബി(സ)യുടെ സ്വഹാബികളിലൂടെ ഈ കർമ്മം താബിഈങ്ങളിലേക്ക് എത്തി. അവർ അതിന്റെ ശരിയായ രീതി പഠിച്ചത് വചനപരമായ വിശദീകരണത്തിലൂടെയല്ല, മറിച്ച് അതിന്റെ പ്രായോഗികമായ നിർവഹണത്തിലൂടെയാണ്. ഈ തുടർച്ചയായ സമ്പ്രദായം തലമുറകളിലൂടെ മുന്നോട്ട് പോയി. മറ്റ് കാര്യങ്ങളിലും ഇതാണ് സ്ഥിതി.ഇതിൽ നിന്ന് വ്യക്തമാകുന്നത്, ഇസ്‌ലാമിന്റെ യഥാർത്ഥ അടിത്തറ വിശുദ്ധ ഖുർആനിലും സുന്നത്തിലുമാണ് നിലനിൽക്കുന്നത് എന്നാണ്. ഇവ രണ്ടും തുടക്കം മുതൽക്കേ സമാന്തരമായി സഞ്ചരിക്കുന്നവയാണ്. ഹദീഥ് എന്നത് അക്കാദമിക പുരോഗതിക്കോ സഹായത്തിനോ വേണ്ടി ഉപയോഗിക്കാവുന്ന ഒരു അനുബന്ധ ഘടകം മാത്രമാണ്. വാസ്തവത്തിൽ, ഇസ്‌ലാമിന്റെ യഥാർത്ഥ അടിത്തറ അതിന്മേൽ സ്ഥാപിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും, ഹദീഥും സുന്നത്തും ഒന്നാണെന്ന തെറ്റായ ധാരണ പലർക്കും ഉണ്ടായിട്ടുണ്ട്. ഈ ചർച്ച പ്രസക്തമായ വിഷയത്തിൽ നിന്ന് അകന്നുപോകുന്നതാണെങ്കിലും, ഹദീഥിനെ സംബന്ധിച്ച പൊതുവായ തെറ്റിദ്ധാരണ തിരുത്തേണ്ടത് ഉചിതമാണെന്ന് തോന്നി. തിരുനബി(സ)ക്ക് ശേഷം 150 വർഷം കഴിഞ്ഞാണ് ഇസ്‌ലാമിന്റെ അടിത്തറ നിലവിൽ വന്നതെന്ന ആശയം അവിവേകികളായവരുടെ ഹൃദയങ്ങളിൽ ഇടലെടുക്കാതിരിക്കാൻ ഇത് അനിവാര്യമാണ്. |

(തുടരും)

• ഹദീഥുന്നബ്വി ﷺ •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ

Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

• ഹദീഥുന്നബ്വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ

P. SAFFAR AHMAD &FAMILY
JAMA ATH KARULAI, MALAPPURAM,KERALA.

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-11 Issue:32

POSTAL REG NO GDP-44/2026-28 **Thursday 6 August 2026**

**EDITOR**
H.SHAMSUDDIN
Mobile : +91 99460 21252
e-mail : akhbaarbadarmalayalamqdn@gmail.com
badarmalayalam@gmail.com
Layout: HA Creative Graphics

**ACT. MANAGER**
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

## സീറത്തുന്നബി(സ)

വിവ: അബൂ അഫ്റഹ്

### തഫ്സീർ ഗ്രന്ഥങ്ങൾ

നിവേദനങ്ങളുടെ രണ്ടാമത്തെ ശേഖരം തഫ്സീറുമായി ബന്ധപ്പെട്ടവയാണ്. ഇത് പ്രധാനമായും വിശുദ്ധ ഖുർആന്റെ വ്യാഖ്യാനവുമായി ബന്ധപ്പെട്ടതും അക്കാദമിക യോഗ്യതയുള്ളതുമായതിനാൽ, ഈ പഠനമേഖലയിൽ ഹദീഥിന്റേതുപോലെയുള്ള മുൻകരുതൽ സ്വീകരിച്ചിട്ടില്ല. എങ്കിലും, ഈ ശേഖരത്തിന്റെ പ്രസക്തമായ മേഖലകൾ ജീവചരിത്രത്തിന്റെയും ചരിത്രത്തിന്റെയും സമാഹരണത്തിലും രചനയിലും പ്രയോജനപ്രദമാണ്. ഇക്കാര്യത്തിൽ, വിവിധ പകർപ്പുകളും പാരമ്പര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശുദ്ധ ഖുർആന്റെ വ്യാഖ്യാനം ഉൾക്കൊള്ളുന്ന ഏറ്റവും പ്രശസ്തമായ ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്:

**1. തഫ്സീർ ഇബ്നു ജരീർ**

(20 വാള്യങ്ങൾ)

ഇമാം അബൂ ജഅ്ഫർ മുഹമ്മദ് ബിൻ ജരീർ അത്ത്വബ്രി

(ഹിജ്റ 224 – ഹിജ്റ 310)

ഉദ്ധരിക്കപ്പെട്ട വ്യാഖ്യാനങ്ങളിൽ വച്ച് ഏറ്റവും സമഗ്രമായ ശേഖരമാണിത്. എങ്കിലും, ദുർബലമായ നിവേദനങ്ങളും ഈ ശേഖരത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

**2. തഫ്സീർ ഇബ്നു കഥീർ**

(10 വാള്യങ്ങൾ)

ഹാഫിള് ഇമാദുദ്ദീൻ ഇസ്മായീൽ ബിൻ ഉമർ ഇബ്നു കഥീർ

(ഹിജ്റ 700 – ഹിജ്റ 774)

ഈ വ്യാഖ്യാനം മാന്യവും ആധികാരികവുമായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതുപോലെയുള്ള ഒരു വ്യാഖ്യാനം ഇനിയും രചിക്കപ്പെട്ടിട്ടില്ലെന്ന് അല്ലാമ സർഖാനി അവകാശപ്പെടുന്നു.

**3. അദ്ദുർറുൽ മൻസൂർ ഫിത്തഫ്സീർ ബിൽമാഥൂർ**

(6 വാള്യങ്ങൾ)

ശൈഖ് ജലാലുദ്ദീൻ അബ്ദുർറഹ്മാൻ ബിൻ അബീ ബക്ർ അസ്സുയൂത്വി

(ഹിജ്റ 849 – ഹിജ്റ 911)

ഈ രചന പിൽക്കാലത്തുള്ളതാണ്, വിലയേറിയതും അപ്രധാനവുമായ വസ്തുക്കൾ ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു.

### ആദ്യകാല നബിചരിത്രങ്ങളും ചരിത്ര ഗ്രന്ഥങ്ങളും

നബിചരിത്രങ്ങളും ചരിത്രവും ഇക്കാര്യത്തിലെ മൂന്നാമത്തെ വിഭാഗമാണ്. നബി തിരുമേനി(സ)യുടെ ജീവചരിത്രവും ജീവിതവും, ആദ്യകാല ഇസ്‌ലാമിന്റെ യുദ്ധങ്ങൾ, ആദ്യകാല ഇസ്‌ലാമിക ചരിത്രം എന്നിവയുമായി ബന്ധപ്പെട്ട നിവേദനങ്ങൾ ശേഖരിക്കുക എന്നതായിരുന്നു ഈ വിഭാഗത്തിന്റെ പ്രാഥമിക ലക്ഷ്യം. എങ്കിലും മുകളിൽ സൂചിപ്പിച്ചതുപോലെ ഈ നിവേദനങ്ങളെല്ലാം പൊതുവെ ഹദീഥുകളെക്കാൾ ആധികാരികത കുറഞ്ഞവയാണ്. വിവരങ്ങളൊന്നും വിട്ടുപോകാതിരിക്കാൻ ജീവചരിത്രങ്ങളും ചരിത്രവുമായി ബന്ധപ്പെട്ട പരമാവധി വസ്തുക്കൾ ശേഖരിക്കുന്നതിനാണ് ഈ രംഗത്തെ സമാഹർത്താക്കൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്. വിശുദ്ധ ഖുർആന്റെയും ആധികാരിക ഹദീഥുകളുടെയും മാർഗനിർദേശപ്രകാരം പിൽക്കാല തലമുറകൾക്ക് സ്വന്തം താത്പര്യപ്രകാരം ഈ വസ്തുക്കൾ എളുപ്പത്തിൽ പരിശോധിക്കാനും അപഗ്രഥിക്കാനും സാധിക്കും, അതൊരു സങ്കീർണ്ണമായ കാര്യമല്ല. ഇക്കാര്യത്തിൽ, ഭൂമിശാസ്ത്രത്തെയും അറബ് ചരിത്രത്തെയും കുറിച്ചുള്ള പുസ്തകങ്ങൾ ഉൾപ്പെടുന്ന ആദ്യകാല രചനകൾ താഴെ പറയുന്നവയാണ്:

| | | | |
|---|---|---|---|
| 1 | കിതാബുൽ മഗാസീ | ഇമാം അബൂ ജഅ്ഫർ മുഹമ്മദ് ബിൻ ജരീർ അത്ത്വബ്രി (ഹിജ്റ 224 – ഹിജ്റ 310) | ഈ പുസ്തകം മിക്കവാറും നബി തിരുമേനി(സ)യുടെ ജീവിതത്തെയും ആദ്യകാല യുദ്ധങ്ങളെയും കുറിച്ചുള്ള ആദ്യത്തെ രചനയായിരിക്കാം. ഇമാം സുഹ്‌രി താബിഈങ്ങളിൽ പെട്ടയാളും അവസരം ലഭിച്ചയാളുമായിരുന്നു. നബി തിരുമേനി(സ)യുടെ നിരവധി സ്വഹാബിമാരെ കാണാനും അവരുടെ പ്രഭാഷണങ്ങൾ കേൾക്കാനും അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹം വിശ്വസ്തനും വിശാലമായ അറിവുള്ളവനുമായിരുന്നു. എങ്കിലും ഖേദകരമെന്നു പറയട്ടെ, അദ്ദേഹത്തിന്റെ പുസ്തകം നഷ്ടപ്പെട്ടുപോയിരിക്കുന്നു. എന്നിരുന്നാലും, അദ്ദേഹത്തിന്റെ കൃതിയിലേക്കുള്ള പരാമർശങ്ങൾ വിവിധ പുസ്തകങ്ങളിൽ കാണപ്പെടുന്നുണ്ട്. കൂടാതെ ഇമാം സുഹ്‌രിയുടെ വാക്കാലുള്ള നിവേദനങ്ങളും പല പുസ്തകങ്ങളിലും കാണപ്പെടുന്നുണ്ട്, അവ വളരെ ആദരണീയമായി കണക്കാക്കപ്പെടുന്നു. |
| 2 | അൽമഗാസീ | മൂസാ ബിൻ ഉഖ്ബ (വഫാത്ത്: ഹിജ്റ 141) | ഇമാം സുഹ്‌രിയുടെ സജ്ജനങ്ങളായ ശിഷ്യന്മാരിൽ പെട്ടയാളായിരുന്നു മൂസാ ബിൻ ഉഖ്ബ. അദ്ദേഹം നബി തിരുമേനി(സ)യുടെ നിരവധി സ്വഹാബിമാരെയും കണ്ടിട്ടുണ്ട്. ഏതൊരു പരാമർശവും സ്വീകരിക്കുന്നതിന് മുമ്പ് അത് പരിശോധിച്ച് വിലയിരുത്തുന്ന അങ്ങേയറ്റം ജാഗ്രതയുള്ള ഒരു എഴുത്തുകാരനായിരുന്നു അദ്ദേഹം. ഹദീഥിൽ ഇമാം മാലിക് അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു; എങ്കിലും, ദൗർഭാഗ്യവശാൽ അദ്ദേഹത്തിന്റെ പുസ്തകവും നഷ്ടപ്പെട്ടുപോയിരിക്കുന്നു. |

ശേഷം പേജ് 11 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin